بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10 | ലക്കം 45

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 നവംബർ 06 • ഹി.ശം 1404 നുബുവ്വത്ത് 06 • ഹി:ഖ 1446 ജമാദുൽ അവ്വൽ 14


## അല്ലാഹുവിന്റെ വചനം

مِنۡ قَبۡلُ ہُدًی لِّلنَّاسِ وَاَنۡزَلَ الۡفُرۡقَانَ ۬ؕ اِنَّ الَّذِیۡنَ کَفَرُوۡا بِاٰیٰتِ اللّٰہِ لَہُمۡ عَذَابٌ شَدِیۡدٌ ؕ وَاللّٰہُ عَزِیۡزٌ ذُو انۡتِقَامٍ ﴿۵﴾

സത്യാസത്യവിവേചക ദൃഷ്ടാന്തവും അവൻ ഇറക്കിയിരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ, അവർക്ക് തീർച്ചയായും കഠിനശിക്ഷ ഉണ്ടാകുന്നതാണ്. അല്ലാഹു പ്രതാപവാനും ശിക്ഷ നല്കുന്നവനുമാത്രെ. (3:5)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ

### വുളുവിന്റെ ഫലങ്ങളും നേട്ടങ്ങളും

ഹദ്റത്ത് അബൂദർറ നിവേദനം. നബിﷺതിരുമേനി പറഞ്ഞു: 'ഒരു മുസ്‌ലിം അഥവാ മുഅ്മിൻ വുളു ചെയ്യുമ്പോൾ അവന്റെ മുഖം കഴുകുന്നു. അപ്പോൾ വെള്ളം അഥവാ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ കണ്ണുകൾ ചെയ്ത എല്ലാ തിന്മകളും കഴികിപ്പോകുന്നു. അവൻ തന്റെ കൈകൾ കഴുകുമ്പോൾ വെള്ളം അഥവാ അവസാന തുള്ളി വെള്ളത്തോടൊപ്പം അവന്റെ ഇരുകൈകളും ചെയ്ത എല്ലാ തിന്മകളും കഴുകപ്പെടുന്നു. അങ്ങനെ അവൻ തിന്മകളിൽനിന്ന് പരിശുദ്ധനാക്കപ്പെടുന്നു. അവൻ കാലുകൾ കഴുകുമ്പോൾ അവന്റെ കാലുകൾകൊണ്ടു ചെയ്ത തിന്മകൾ വെള്ളത്തോടൊപ്പം അഥവാ അവസാന തുള്ളി വെള്ളത്തോടൊപ്പം കഴുകപ്പെടുന്നു. അങ്ങനെ അവൻ തിന്മകളിൽ നിന്ന് പരിശുദ്ധനാക്കപ്പെടുന്നു.*(മുസ്‌ലിം ബാബു ഖുറൂജുൽ ഖത്വായാ മഅ മാഇൽവുളൂഇ)(ഹദീഖത്തുസ്സ്വാലിഹീൻ, മലിക് സയ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് 199)*

## അറിഞ്ഞുകൊണ്ട് അലസത കാണിക്കുകയും ജമാഅത്തിനു വന്നുചേരാൻ താമസിക്കുകയും ചെയ്യുന്നവന്റെ നമസ്കാരംതന്നെ ഫാസിദ് അഥവാ മോശപ്പെട്ടതാണ്.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

**ഇമാമിന്റെ പിന്നിൽ ഫാതിഹ ഓതൽ:**

ജമാഅത്തായ നമസ്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ റുക്കൂയിൽ വന്നു ചേരുന്ന ആളുടെ റക്അത്ത് പൂർണമാകുമോ എന്നതിനെ സംബന്ധിച്ച ചർച്ച നടക്കുകയായിരുന്നു. ഹദ്റത്ത് അഖ്ദസ്ؑ മറ്റു മൗലവിമാരുടെ അഭിപ്രായം ആരാഞ്ഞു. ഇതിനെ സംബന്ധിച്ചുള്ള വിവിധ ഇസ്‌ലാമിക കക്ഷികളുടെ അഭിപ്രായം വിവരിക്കപ്പെട്ടു. അവസാനം ഹദ്റത്ത്ؑവിധി പറഞ്ഞു. അവിടന്ന് പറഞ്ഞു: **ലാ സ്വലാത്ത ഇല്ലാ ബിഫാതിഹത്തിൽകിതാബി** ഇമാമിന്റെ പിന്നിൽ നില്ക്കുന്നയാൾ അല്ലെങ്കിൽ തനിച്ചുനമസ്കരിക്കുന്നയാൾ ഏതവസ്ഥയിലും സൂറ ഫാത്തിഹ ഓതുക. എന്നാൽ, ഇമാം വേഗം വേഗം സൂറ ഫാത്തിഹ ഓതാതിരിക്കേണ്ടതാണ്. പ്രത്യുത നിറുത്തി നിറുത്തി ഓതുക. മുഖ്തദിയും കേൾക്കുന്നതിനും സ്വയം ഓതുന്നതിനും വേണ്ടി. അല്ലെങ്കിൽ ഓരോ ആയത്തിനുംശേഷം മുഖ്തദിയും ആ ആയത്ത് ഓതുന്നതുവരെ നിറുത്തുക. എന്തായാലും മുഖ്തദിയ്ക്കും കേൾക്കുന്നതിനും ഓതുന്നതിനുമുള്ള അവസരം നല്കേണ്ടതാണ്. സൂറഫാത്തിഹ ഓതേണ്ടത് നിർബന്ധമാണ്. കാരണം അത് ഉമ്മുൽകിതാബാണ്. എന്നാൽ, നമസ്കാരത്തിൽ പങ്കുചേരാൻ വളരെശ്രമിച്ചിട്ടും അവസാനം റുക്കൂയിലാണ് വന്നെത്താൻ കഴിഞ്ഞതെങ്കിൽ, അതിനുമുമ്പേ വന്നെത്താൻ കഴിഞ്ഞില്ലെങ്കിൽ- അയാൾ സൂറഫാത്തിഹ അതിലോതിയിട്ടില്ലെങ്കിൽത്തന്നെയും അയാൾക്ക് റക്അത്ത് കിട്ടിയിരിക്കുന്നു. കാരണം ആരാണോ റുക്കൂയിനെ പ്രാപിച്ചത് അയാളുടെ റക്അത്ത് പൂർത്തിയായെന്ന് ഹദീഥ് ശരീഫിൽവന്നിരിക്കുന്നു. മസ്അലകൾ രണ്ട് വിഭാഗമുണ്ട്. ഒരു സ്ഥലത്ത് നമസ്കാരത്തിൽ സൂറ ഫാത്തിഹ നിർബന്ധമായും ചൊല്ലണമെന്ന് ഹദ്റത്ത് റസൂൽക്കരീംﷺപറയുകയും താക്കീതു ചെയ്യുകയും ചെയ്തു: അത് ഉമ്മുൽ കിതാബാണ്. യഥാർഥ നമസ്കാരം അതാണ്. എന്നാൽ, പരിശ്രമിച്ചിട്ടും വേഗം വന്നിട്ടും റുക്കൂയിലെത്തിച്ചേരാൻ മാത്രം കഴിഞ്ഞവന് ദീനിന്റെ അടിത്തറ എളുപ്പത്തിലും സരളതയിലുമായിരിക്കയാൽ റക്അത്ത് കിട്ടിയെന്ന് നബിﷺതിരുമേനി പറഞ്ഞു. അവൻ സൂറ ഫാത്തിഹ നിഷേധിക്കുന്നവനല്ല. പ്രത്യുത താമസിച്ചെത്തിയ കാരണത്താൽ അനുവാദമനുസരിച്ച് പ്രവർത്തിക്കുന്നു. എന്റെ മനസ്സ് അല്ലാഹു എങ്ങനെയാക്കിയിരിക്കുന്നുവെന്നാൽ അനുവദനീയമല്ലാത്ത പ്രവൃത്തികളിൽ എനിക്ക് സങ്കോചമുണ്ടാകുന്നു. അതു ചെയ്യാൻ എന്റെ മനസ്സ് ആഗ്രഹിക്കുന്നില്ല. നമസ്കാരത്തിൽ ഒരാൾക്ക് മൂന്നു ഭാഗം കിട്ടുകയും ഒരു ഭാഗം നിർബന്ധിതാവസ്ഥയിൽ കിട്ടാതിരിക്കുകയും ചെയ്താൽ എന്തുവരാനാണ്. മനുഷ്യൻ അനുവാദമനുസരിച്ചുള്ള കർമം ചെയ്യേണ്ടതാണ്. എന്നാൽ, അറിഞ്ഞുകൊണ്ട് അലസത കാണിക്കുകയും ജമാഅത്തിൽവന്നുചേരാൻ താമസിക്കുകയും ചെയ്യുന്നവന്റെ നമസ്കാരംതന്നെ ഫാസിദ് അഥവാ മോശപ്പെട്ടതാണ്.' *(മൽഫൂദാത്ത് വാല്യം 2, പേജ് 95 - 96, 2018 ഖദിയാൻ പതിപ്പ്)*

## മസീഹുബ്നുമർയം 120 വയസ്സുവരെ തന്റെ സന്ദേശമെത്തിച്ചുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ഇവിടെ മരിക്കുകയും ചെയ്തു. ശ്രീ നഗരിലെ ഖാൻയാർ മുഖല്ലയിൽ മറയടക്കപ്പെട്ടു. ഇന്നും അവിടെ അദ്ദേഹത്തിന്റെ ഖബ്ർ കാണാം.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്റ സൂറത്തുൽമുഅ്മിനൂനിലെ 51-ാം വചനമായ ***വജഅൽനബ്നമർയമ വ ഉമ്മഹു ആയത്തൻ വ്വ ആവയ്നാഹുമാ ഇലാ റബ്വത്തിൻ ദാത്തി ഖരാറിൻ വ്വമയീൻ*** എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

"അല്ലാഹു തന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ്ؑനെ കുരിശിൽ നിന്ന് രക്ഷപ്പെടുത്തിയിരുന്നു. അതുകൊണ്ട് അദ്ദേഹം മറ്റേതെങ്കിലും രാജ്യത്ത് ഹിജ്റത്തു പോകേണ്ടത് നിർബന്ധമായിരുന്നു. കാരണം ശാം ദേശം റോമാചക്രവർത്തിയുടെ അധീനതയിലായിരുന്നു. അദ്ദേഹം ഖയ്സ്വറിന്റെ രാജ്യദ്രോഹിയാണെന്ന് നിശ്ചയിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഹദ്റത്ത് മസീഹ്ؑ ഈ രാജ്യത്ത് താമസിക്കുകയാണെങ്കിൽ വീണ്ടും അറസ്റ്റു ചെയ്യപ്പെടുമായിരുന്നു. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തോടു ഹിജ്റത്ത് അഥവാ പലായനം ചെയ്യാൻ കല്പിച്ചു. പിന്നീട് തന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ട് അദ്ദേഹത്തിന് ഉയർന്നൊരു സ്ഥലത്ത് ഇടം നല്കി. അത് അദ്ദേഹത്തിന്റെ ശത്രുക്കളുടെ കൈകളിൽനിന്ന് കാലങ്ങളായി സുരക്ഷിതമായിരുന്നു. അവിടെ ശുദ്ധമായ ജലത്തിന്റെ അരുവികളൊഴുകിയിരുന്നു. കശ്മീരിന്റെ പ്രദേശമാണതെന്ന് ചരിത്രപരമായ സാക്ഷ്യങ്ങളാൽ സ്ഥാപിതമാണ്. ഉന്നതമായ അരുവികളെക്കൊണ്ടും പ്രകൃതിരമണീയമായ സ്ഥലങ്ങളെക്കൊണ്ടും നല്ല വായുവും വെള്ളവുമുള്ളതിനാലും ആളുകൾ ആ സ്ഥലത്തെ സ്വർഗമെന്നു പറയുന്നു. എന്നല്ല കശ്മീർ എന്ന പദംതന്നെ ഹദ്റത്ത് മസീഹിന്റെ കശ്മീർ യാത്രയിലേക്ക് വ്യക്തമായ നിലയിൽ സൂചനകൾ നല്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ കശ്മീർ ഭാഷയിൽ കശ്മീറിനെ കശീർ എന്നു പറയുന്നു. അത് യഥാർഥത്തിൽ ഒരു അബ്റാനി പദമാണ്. അത് കാഫും അശീറും ചേർന്നുണ്ടായതാണ്.

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ഹുനയ്ൻ യുദ്ധാവസരത്തിൽ മദീനയിലെ അൻസ്വാറിനോടു പറഞ്ഞു: ജനങ്ങളെല്ലാം ആടുമാടുകളേയും ഒട്ടകങ്ങളേയുംകൊണ്ട് അവരുടെ വീടുകളിൽ പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെ നിങ്ങളുടെകൂടെ കൊണ്ടുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? അല്ലാഹുവാണെ സത്യം! നിങ്ങൾ കൊണ്ടുപോകുന്ന ഈ സൗഭാഗ്യം അവർ കൊണ്ടുപോകുന്നതിനേക്കാൾ എത്രയോ ഉത്തമമാണ്!**

**നബിﷺതിരുമേനി അൻസ്വാറിനുവേണ്ടി ദുആ ചെയ്തുകൊണ്ടു പറഞ്ഞു:'അല്ലാഹുവേ, അൻസ്വാറിനോടു കരുണ കാണിക്കേണമേ, അൻസ്വാറിന്റെ സന്താനങ്ങളോടും കരുണ കാണിക്കേണമേ, അൻസ്വാറിന്റെ വരും തലമുറകളോടും കരുണ കാണിക്കേണമേ.'**

**നബിﷺതിരുമേനി തന്റെ ഒട്ടകത്തിന്റെ അടുത്തുപോയി അതിന്റെ ഒരു രോമം പറിച്ച് ഉയർത്തിക്കാണിച്ചുകൊണ്ടു പറഞ്ഞു: 'അല്ലയോ ജനങ്ങളേ, നിങ്ങളുടെ ധനത്തിൽനിന്ന് ഈ രോമത്തിന്റെ അത്രപോലും എനിക്ക് ആവശ്യമില്ല; അറബ് നിയമപ്രകാരം ഭരണകൂടത്തിനുള്ള അഞ്ചിലൊന്ന് ഒഴികെ. ആ അഞ്ചിലൊന്നും ഞാനെന്റെ സ്വന്തം കാര്യത്തിന് ചെലവഴിക്കുന്നില്ല, മറിച്ച് അത് നിങ്ങൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. വഞ്ചിക്കുന്നവൻ അന്ത്യനാളിൽ ദൈവത്തിന്റെ സന്നിധിയിൽ അപമാനിതനാകുമെന്ന് ഓർമ്മിച്ചുകൊള്ളുക.**

**ഇന്നുമുതൽ അൻസ്വാറുല്ലായുടെ ഇജ്തിമാ നടന്നുകൊണ്ടിരിക്കുകയാണ്. അൻസ്വാറിനോടും ഞാൻ പറയുന്നു, ആരുടെയെങ്കിലും മനസ്സിൽ തന്റെ അനുഭവങ്ങളും സേവനവും കൊണ്ട് എന്തെങ്കിലും വിചാരമുണ്ടാകുകയാണെങ്കിൽ അത് അവർ കുടഞ്ഞു കളയുകയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് ശ്രമിക്കുകയും ചെയ്യുക.**

**ഹുനയ്ൻ യുദ്ധത്തിൽ നേരിടേണ്ടിവന്ന അവസ്ഥകളുടേയും സംഭവങ്ങളുടേയും പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന ചർച്ച.**

**മുബല്ലിഗ് സിൽസില, റൊമാനിയ മർഹൂം ഫഹീമുദ്ദീൻ നാസിർ സാഹിബ്, അബ്ദുൽ അലീം ഫാറൂഖീ സാഹിബ് ഓഫ് കാനഡ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**വിദേശത്ത് ദീനിനുവേണ്ടി ജീവിതം ത്യജിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഫഹീം നാസിർ സാഹിബിന്റെ സ്ഥാനം ശഹീദിന്റെ സ്ഥാനമായിരുന്നു. അവസാന ശ്വാസംവരെ തന്റെ കൂറിന്റെ പ്രതിജ്ഞ നിറവേറ്റി. നല്ലവണ്ണം നിറവേറ്റി. എപ്പോഴും ഞാനും കണ്ടിട്ടുണ്ട്, അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും മന്ദസ്മിതമാണുണ്ടായിരുന്നത്.**

**ഖുത്ബ ജുമുഅ 2025 സെപ്റ്റംബർ 26, 1404 തബൂക് 26 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

കഴിഞ്ഞ ഖുത്ബയിൽ ഹുനയ്ൻ യുദ്ധത്തിലെ യുദ്ധമുതൽ വിതരണം ചെയ്തതിനെക്കുറിച്ചാണ് പരാമർശിച്ചിരുന്നത്.

ഇതുസംബന്ധമായി കൂടുതൽ വിശദീകരണവുമുണ്ട്. മുമ്പേ സൂചിപ്പിച്ചതുപോലെ, നബിﷺ തിരുമേനി യുദ്ധമുതലുകൾ വിതരണം ചെയ്യുകയും പോരാളികൾക്ക് അവരുടെ ഓഹരികൾ നൽകുകയും ചെയ്തു. അഞ്ചിലൊന്ന് വരുന്ന ഭാഗം ഏതാണ്ട് പൂർണ്ണമായും ഹൃദയബന്ധം ഊട്ടിയുറപ്പിക്കുന്നതിനായി ഖുറയ്ശികളുടെയും മറ്റു അറബ് ഗോത്രങ്ങളുടെയും നേതാക്കൾക്ക് വിതരണം ചെയ്തു. ചിലർക്ക് നൂറ് ഒട്ടകവും മറ്റു ചിലർക്ക് അമ്പത് ഒട്ടകവും നൽകി. ഇത്രയധികം ധനം മറ്റുള്ളവർക്ക് നൽകിയതോടെ അൻസ്വാറിലെ ചില യുവാക്കൾ വല്ലാതായി. ചെയ്ത സേവനങ്ങളുടെയും ദൈവദൂതനോടുള്ള സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ തങ്ങൾക്കാണ് മറ്റുള്ളവരെക്കാൾ കൂടുതൽ അവകാശമെന്ന് അവർ കരുതി. അങ്ങനെ അവർ പറഞ്ഞു തുടങ്ങി: യഗ്ഫിറുല്ലാഹു ലി റസൂലില്ലാഹിﷺയുഅ്ത്വീ ഖുറയ്ശൻ വ യദഉന വ സുയൂഫുനാ തഖ്ത്വുറു മിൻ ദിമാഇഹിം. അതായത് 'അല്ലാഹു നബിﷺ തിരുമേനിക്ക് പൊറുത്തുകൊടുക്കട്ടെ, അവിടന്ന് ഖുറയ്ശികൾക്ക് നൽകുകയും ഞങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ഈ വിചരമാണ് അവരുടെ മനസ്സിലുണ്ടായത്. വാസ്തവത്തിൽ ഞങ്ങളുടെ വാളുകളിൽനിന്ന് ആശത്രുക്കളുടെ രക്തം ഇറ്റുവീണുകൊണ്ടിരിക്കുന്നതേയുള്ളു.*(ബുഖാരി കിതാബു ഫർളുൽഖുംസ് ഹദീഥ് 3147)(സുബുലുൽഹുദാ വർശാദ് വാല്യം 5, പേജ് 396, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9 പേജ് 290,ബസം ഇഖ്ബാൽ)* ഈ ചിന്തയാണ് അവരുടെ മനസ്സിലുണ്ടായത്.

അതുപോലെ, അവരിൽ ചിലർ ഇങ്ങനെയും പറഞ്ഞു: 'പ്രയാസകരവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ ഞങ്ങളെ വിളിക്കുകയും, യുദ്ധമുതൽ ഞങ്ങളിൽപ്പെടാത്ത മറ്റുള്ളവർക്ക് നൽകുകയും ചെയ്യുന്നു.'*(സ്വഹീഹ് ഇബ്നുഹബ്ബാൻ, കിതാബുസ്സയ്ർ പേജ് 1287, ഹദീഥ് 4769, ദാറുൽ മഅ്രിഫ ബെയ്റുത്ത് 2004)*

ഇക്കാര്യങ്ങൾ നബിﷺതിരുമേനി അറിഞ്ഞപ്പോൾ, അവിടന്ന് അൻസ്വാറിന്റെ നേതാവായ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെؓവിളിച്ചു. ഇക്കാര്യങ്ങളെല്ലാം നബിﷺ തിരുമേനിയെ അറിയിച്ചത് ഹദ്റത്ത് സഅ്ദ്ؓതന്നെയായിരുന്നുവെന്നാണ് ചിലരുടെ അഭിപ്രായം. അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തോടു ചോദിച്ചു: 'ഫഐന അൻത മിൻ ദാലിക് യാ സഅ്ദ്.' സഅ്ദേ! ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞാനും എന്റെ സമുദായത്തിൽപ്പെട്ട ഒരാളാണ്, ഈ വിഷയം എന്നെയും ബാധിക്കാവുന്നതാണ്.' അപ്പോൾ നബിﷺ തിരുമേനി സഅ്ദി നോടുؓഎല്ലാ അൻസ്വാറിനേയും ഒരുമിച്ചു കൂട്ടാൻ കൽപ്പിച്ചു. അങ്ങനെ എല്ലാവരും ഒരു കൂടാരത്തിൽ ഒരുമിച്ചുകൂടി. കുറച്ചു മുഹാജിറുകളും അതിലുണ്ടായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഞാൻ അൻസ്വാറിനെ മാത്രമാണ് വിളിച്ചത്.' അങ്ങനെ മുഹാജിറുകളെ നബിﷺതിരുമേനി തിരിച്ചയച്ചു. തുടർന്ന് നബിﷺതിരുമേനി അൻസ്വാറിനെ സംബോധന ചെയ്

തുകൊണ്ടു പറഞ്ഞു: 'അല്ലയോ അൻസ്വാർ സംഘമേ! നിങ്ങളുടെ ഭാഗത്തുനിന്ന് ഞാൻ കേട്ട കാര്യമെന്താണ്?' നബിﷺതിരുമേനിയുടെ ഈ വാക്കുകൾകേട്ട് അൻസ്വാറിലെ വിവേകമതികൾ പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞങ്ങളിലെ വിവേകമുള്ള ആരും അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. എന്നാൽ, പെട്ടെന്ന് വികാരംകൊള്ളുന്ന ചില യുവാക്കൾ 'നബിﷺതിരുമേനിക്ക് അല്ലാഹു പൊറുത്തു കൊടുക്കട്ടെ, അവിടന്ന് ഖുറയ്ശികൾക്ക് നൽകുകയും തങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ വാളുകളിൽ ഇപ്പോഴും അവരുടെ രക്തം ഇറ്റുവീഴുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ട്.' അപ്പോൾ അൻസ്വാറിന് ലഭിച്ച അനുഗ്രഹങ്ങളും ഔദാര്യങ്ങളും ഓർമിപ്പിച്ചുകൊണ്ട് നബിﷺ തിരുമേനി അവരെ സംബോധന ചെയ്തു: 'അൻസ്വാറേ, ഞാൻ നിങ്ങളെ കണ്ടുമുട്ടിയപ്പോൾ നിങ്ങൾ വഴിപിഴച്ചവരല്ലായിരുന്നോ, എന്നിട്ട് അല്ലാഹു എന്നിലൂടെ നിങ്ങൾക്ക് സന്മാർഗ്ഗം നൽകിയില്ലേ? നിങ്ങൾ അസംഘടിതരും ചിതറിക്കിടക്കുന്നവരും പരസ്പരം ശത്രുക്കളുമായിരുന്നില്ലേ? എന്നിലൂടെ അല്ലാഹു നിങ്ങളുടെ മനസ്സുകളിൽ പരസ്പര സ്നേഹവും ഐക്യവുമുണ്ടാക്കിയില്ലേ? നിങ്ങൾ ദരിദ്രരും ആവശ്യക്കാരുമായിരുന്നില്ലേ? ഞാൻ കാരണം അല്ലാഹു നിങ്ങളെ സമ്പന്നരും ധനികരുമാക്കിയില്ലേ? നബിﷺ തിരുമേനി എന്തൊന്ന് പറയുമ്പോഴും അൻസ്വാർ പറയുമായിരുന്നു: 'അല്ലാഹു വറസൂലുഹു അമന്നു' ഇതെല്ലാം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അനുഗ്രഹമാണ്.' അൻസ്വാറിന്റെ ഈ പ്രതികരണം കേട്ടപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങളെന്തുകൊണ്ട് എനിക്ക് മറുപടി നൽകുന്നില്ല?' അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞങ്ങളെന്തു മറുപടിയാണ് നൽകേണ്ടത്?' നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾക്കുവേണമെങ്കിൽ എനിക്കിങ്ങനെ മറുപടി നൽകാം, 'അങ്ങ് സത്യമായിരിക്കും പറയുന്നത്, അങ്ങയുടെ വാക്കുകൾ ശരിയാണെന്ന് അംഗീകരിക്കപ്പെടുകയും ചെയ്യും.' നിങ്ങൾക്കിങ്ങനെയും പറയാം: 'യാ റസൂലല്ലാഹ്, കളവാക്കപ്പെടുകയും നിഷേധിക്കപ്പെടുകയും ചെയ്ത അവസ്ഥയിലായിരുന്നു ഞങ്ങളുടെ അടുത്ത് അങ്ങ് വന്നത്. ഞങ്ങൾ അങ്ങയെ സത്യപ്പെടുത്തി. അങ്ങ് നിസ്സഹായനായിരുന്നു, ആളുകൾ അങ്ങയെ അവഗണിച്ചിരുന്നു. എന്നാൽ, ഞങ്ങൾ അങ്ങയെ സഹായിച്ചു. സ്വന്തം നട്ടുകാർ അങ്ങയെ പുറത്താക്കിയപ്പോൾ ഞങ്ങളാണ് അങ്ങയ്ക്ക് അഭയം നൽകിയത്. അങ്ങയ്ക്ക് ധാരാളം ആശ്രിതരുണ്ടായിരുന്നു. ഞങ്ങൾ അങ്ങയുടെ വിഷമങ്ങളിൽ പങ്കാളികളായി.' നബിﷺതിരുമേനിയുടെ ഈ വാക്കുകൾ കേട്ട് ഒരു അൻസ്വാറും ഒന്നും മിണ്ടിയില്ല. എല്ലാവരും തലകുനിച്ച് നബിﷺതിരുമേനിയുടെ വാക്കുകൾ കേൾക്കുകയും ലജ്ജിക്കുകയും ചെയ്തു. ഖുറയ്ശികളോടു താൻ ഈ രീതിയിൽ പെരുമാറിയതിന്റെ കാരണം നബിﷺതിരുമേനി അൻസ്വാറിന് വിശദീകരിച്ചു കൊടുത്തു. നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ നേരത്തെ ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. ഇസ്‌ലാമും ഈമാനും നിങ്ങളുടെ ഹൃദയങ്ങളിൽ ഊട്ടി ഉറച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ, ഖുറയ്ശികളിൽ അധികം പേരും മക്കാവിജയസമയത്ത് പുതിയതായി മുസ്‌ലിമീങ്ങളായവരായിരുന്നു. എന്നല്ല അധികംപേരും ഇസ്‌ലാമുമായി ബന്ധമില്ലാത്തവരായിരുന്നു. പഴയ വിശ്വാസികളെക്കാൾ ഈ നവമുസ്‌ലിമീങ്ങളാണ് ബന്ധുത്വപരമായ പെരുമാറ്റത്തിനും ഉപഹാരം നൽകുന്നതിനും കൂടുതൽ അർഹർ. അങ്ങനെ ഇസ്‌ലാം അവരുടെ ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങുന്നതാണ്. നിരവധി യുദ്ധങ്ങളിൽ അവർക്ക് ധാരാളം നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതിനാൽ ഖുറയ്ശികൾ ഈ ഉപഹാരത്തിന് അർഹരുമായിരുന്നു. അതിനാൽ, എന്റെ ഉദ്ദേശ്യം അവരുടെ മനസ്സുകൾ ഇണക്കിക്കൊണ്ട് അവർ പൂർണ്ണമായി ഇസ്‌ലാമിന്റെയും ഈമാനിന്റെയും വൃത്തത്തിൽ വരിക എന്നതായിരുന്നു.'

പിന്നീട് നബിﷺതിരുമേനി പറഞ്ഞു: 'ജനങ്ങളെല്ലാം ആടുമാടുകളേയും ഒട്ടകങ്ങളേയും കൊണ്ട് അവരുടെ വീടുകളിൽ പോകുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ റസൂലിനെ നിങ്ങളുടെ കൂടെ കൊണ്ടുപോകുന്നത് നിങ്ങൾക്കിഷ്ടമല്ലേ? അല്ലാഹുവാണെ സത്യം! നിങ്ങൾ കൊണ്ടുപോകുന്ന ഈ സൗഭാഗ്യം അവർ കൊണ്ടുപോകുന്നതിനേക്കാൾ എത്രയോ ഉത്തമമാണ്!'

നബിﷺതിരുമേനി പറഞ്ഞു: 'ആളുകൾ ഒരു താഴ്‌വരയിലൂടെയോ ചുരം വഴിയോ സഞ്ചരിക്കുകയാണെങ്കിൽ, അൻസ്വാർ മറ്റൊരു താഴ്‌വരയിലൂടെയോ ചുരം വഴിയോ സഞ്ചരിക്കുകയാണെങ്കിൽ, ഞാൻ അൻസ്വാറിനോടൊപ്പം നടക്കാനാണ് ഇഷ്ടപ്പെടുക. അതായത്, ഞാൻ അൻസ്വാറിന്റെ കൂട്ടത്തിൽച്ചേരും. എന്റെ ബാഹ്യവസ്ത്രം ജനങ്ങളാണ്. എന്നാൽ, അൻസ്വാർ എന്റെ ആന്തരവസ്ത്രമാണ്.' അതായത് ശരീരത്തോടുചേർന്നിരിക്കുന്ന വസ്ത്രം.'

പന്നീട് നബിﷺതിരുമേനി പറഞ്ഞു: 'അല്ലയോ അൻസ്വാറേ! എന്റെ കാലശേഷം നിങ്ങളെക്കാൾ മറ്റുള്ളവർക്ക് മുൻഗണന ലഭിക്കുന്നത് നിങ്ങൾ കാണും. എന്നാൽ, നിങ്ങൾ ക്ഷമിക്കുക, ഹൗളെ കൗഥറിൽവച്ച് എന്നെ കണ്ടുമുട്ടുന്നതുവരെ (അതായത്, അന്ത്യനാളിൽ കണ്ടുമുട്ടുന്നതുവരെ) നിങ്ങൾ ക്ഷമിക്കുക.' അതായത്, നിങ്ങൾക്ക് നായകത്വം ലഭിക്കുകയില്ല. അവസാനം, നബിﷺതിരുമേനി അൻസ്വാറിന്‌വേണ്ടി ദുആ ചെയ്തു: 'അല്ലാഹുവേ, അൻസ്വാറിനോടു കരുണ കാണിക്കേണമേ, അൻസ്വാറിന്റെ സന്താനങ്ങളോടും കരുണ കാണിക്കേണമേ, അൻസ്വാറിന്റെ വരും തലമുറകളോടും കരുണ കാണിക്കേണമേ.'

നിവേദകൻ പറയുന്നു: 'നബിﷺതിരുമേനി ഈ പ്രസംഗം ചെയ്യുമ്പോൾ അൻസ്വാർ കരയുകയായിരുന്നു, അവരുടെ താടി രോമങ്ങൾ കണ്ണുനീരുകൊണ്ട് നനഞ്ഞു, അവർ ഇപ്രകാരം പറഞ്ഞു കൊണ്ടിരുന്നു: ***റളീനാ ബി റസൂലില്ലാഹി ഖിസ്മൻ വ ഹാദാ.*** നബിﷺതിരുമേനിയുടെ വിതരണത്തിലും ഞങ്ങളുടെ ഓഹരിയിലും ഞങ്ങൾ ഹൃദയാത്മനാ സംതൃപ്തരാണ്.' *(സ്വഹീഹ് ബുഖാരി കിതാബു ഫർളുൽ ഖുംസ് ബാബു മാകാനന്നബിയ്യു യുഅ്ത്വീ മുഅല്ലഫത്തി ഖുലൂബിഹിം ഹദീഥ് 3147)(സ്വഹീഹുൽബുഖാരി കിതാബുൽ മഗാസി ഹദീഥ് 4331) (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, പേജ് 192-193 ആലമുൽ കുതുബ്)(അസ്സീറത്തുന്നബ്‌വിയ്യ കമാ ജാഅത്തി ഫിൽഅഹാദീഥിസ്സഹീഹ, വാള്യം 4, പേജ് 81, മക്തബത്തുൽഅബീകാൻ, അർരിയാള് 2014) സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 403, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ദാഇരയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലഹിﷺവാള്യം 9, പേജ്293-298, ബസ്മ ഇഖ്ബാൽ ലാഹോർ)*

അശ്രദ്ധയോടെ പറയുന്ന വാക്കുകൾക്ക് ചിലപ്പോൾ ദൂരവ്യാപകമായ ഫലങ്ങളുണ്ടാകും. നബിﷺതിരുമേനിയുടെ വിതരണത്തിൽ അൻസ്വാറിലെ യുവജനങ്ങൾ അതൃപ്തി പ്രകടിപ്പിച്ചുവെങ്കിലും എല്ലാവരും അങ്ങനെ ചെയ്തിരുന്നില്ല. എന്നാൽ, അല്ലാഹുവിനും അവന്റെ റസൂലിനുംﷺഈ കാര്യം അത്രത്തോളം നീരസമുണ്ടാക്കുന്നതായിരുന്നു, ലോകാവസാനംവരെ അതിന്റെ ഫലം അൻസ്വാറിന് അനുഭവിക്കേണ്ടി വന്നു. അതിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ പറയുന്നു:

"നബിﷺതിരുമേനി മക്ക കീഴടക്കിയപ്പോൾ, മക്കക്കാർ നബിﷺതിരുമേനിയുടെ അടുത്തുവന്നു. ഈമാനുമായി പൂർണ്ണപരിചയം ലഭിക്കാത്തതിനാൽ അവരുടെ ശ്രദ്ധ ഇപ്പോഴും ദുൻയാവിലേക്ക് (ലൗകിക കാര്യങ്ങളിലേക്ക്) ആയിരുന്നു. അതിനുശേഷമുള്ള ഒരു യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് യുദ്ധമുതലുകൾ ലഭിച്ചു. നബിﷺതിരുമേനി ആ മുതലുകൾ ആ ആളുകൾക്ക് വിതരണം ചെയ്തു. ഒരു അൻസ്വാരി യുവാവ് ഒരു സദസ്സിൽ പറഞ്ഞു: 'ഞങ്ങളുടെ വാളുകളിൽനിന്ന് രക്തം ഇപ്പോഴും ഇറ്റുകയാണ്, നബിﷺതിരുമേനി തന്റെ ബന്ധുക്കൾക്ക് ധനം നൽകിയിരിക്കുന്നു.' അവിടന്ന് ഇതറിഞ്ഞപ്പോൾ, അൻസ്വാറിലെ മുതിർന്ന നേതാക്കളെ വിളിച്ച്, താനിങ്ങനെയൊരു സംസാരം കേൾക്കാനിടയായെന്ന് പറഞ്ഞു. അൻസ്വാർ കരഞ്ഞുകൊണ്ടു പറഞ്ഞു: 'വിവേകമില്ലാത്ത ആരോ പറഞ്ഞതാണ്.' അവിടന്ന് പറഞ്ഞു: 'ഇല്ല, അല്ലയോ അൻസ്വാറേ, നിങ്ങൾക്കിങ്ങനെ പറയാമായിരുന്നില്ലേ?: 'ആരും അഭയം നൽകാതിരുന്നപ്പോൾ ഞങ്ങൾ മുഹമ്മദിന്ﷺഅഭയം നൽകി, അദ്ദേഹത്തെ സ്വന്തം നാട്ടുകാർ പുറത്താക്കിയപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് അഭയം നൽകി. എന്നിട്ട് അദ്ദേഹത്തിന് ബഹുമാനവും വിജയവും നേടിക്കൊടുത്തപ്പോൾ, അദ്ദേഹം ധനം തന്റെ ബന്ധുക്കൾക്ക് വിതരണം ചെയ്തു.' ഇതുകേട്ട് അൻസ്വാർ ഉറക്കെ നിലവിളിച്ചു, അവർ വീണ്ടും പറഞ്ഞു: 'യാ റസൂലല്ലാഹ്, ഞങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ല.' പിന്നീട് നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾക്ക് ഇക്കാര്യം മറ്റൊരു തരത്തിലും പറയാവുന്നതാണ്. അതായത്, 'മുഴുലോകത്തിനും സന്മാർഗം നൽകാൻ ദൈവം നിയോഗിച്ച വ്യക്തി മക്കയുടെതായിരുന്നു.

എന്നാൽ, അല്ലാഹു അദ്ദേഹത്തെ മദീനയിൽ കൊണ്ടുപോയി, അല്ലാഹു തന്റെ ശക്തിപ്രഭാവത്താൽ മക്കയെ അദ്ദേഹത്തിന് കീഴടക്കിക്കൊടുത്തു. ആ സമയത്ത് മക്കക്കാർ വിചാരിച്ചു, അവരുടെ വസ്തു അവർക്ക് തിരികെ ലഭിക്കുമെന്ന്. എന്നാൽ, മക്കക്കാർ ആടുകളെയും ഒട്ടകങ്ങളെയും കൊണ്ടുപോയപ്പോൾ, മദീനക്കാർ അല്ലാഹുവിന്റെ റസൂലിനെ കൂടെ കൊണ്ടുപോയി സ്വന്തം നഗരത്തിലേക്ക് മടങ്ങി.' തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: 'തീർച്ചയായും ഈ സംസാരം ഒരു വിവേകമില്ലാത്തവന്റെ വായിൽനിന്ന് വന്നതായിരിക്കും. എന്നാൽ, അതുകാരണം ഇനി നിങ്ങൾക്ക് ഈ ലോകത്തിലെ ഭരണം ലഭിക്കുകയില്ല. ഇനി നിങ്ങളുടെ സേവനങ്ങൾക്ക് പ്രതിഫലം ഹൗളെ കൗഥറിൽവെച്ച് മാത്രമേ ലഭിക്കുകയുള്ളൂ. നോക്കൂ, ചരിത്രം പറയുന്നു, പതിമൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞു, പതിന്നാലാം നൂറ്റാണ്ടും കടന്നുപോവുകയാണ്. അതും കടന്നു കഴിഞ്ഞു. ഈ കാലയളവിൽ ഓരോ സമുദായവും ഇസ്‌ലാം മുഖേന രാജാക്കന്മാരായിട്ടുണ്ട്. എന്നാൽ, ഒരു അൻസ്വാറിനും രാജാവാകാൻ സാധിച്ചില്ല. അതുകൊണ്ട് ചിലപ്പോൾ ഒരാളുടെ സംസാരം ഒരു സമുദായത്തിന് മുഴുവൻ നഷ്ടത്തിന് കാരണമായേക്കാം.'*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17, പേജ് 726, ഖുത്ബ ജുമുഅ 4-12-1936)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضതന്റെ ഒരു ഖുത്ബയിൽ ഈ സംഭവം വിവരിച്ചശേഷം ജമാഅത്തിന് നൽകിയ ഉപദേശം അന്നുള്ളപോലെത്തന്നെ ഇന്നും നമുക്ക് പ്രാധാന്യമർഹിക്കുന്നതാണ്. അദ്ദേഹം പറഞ്ഞു: 'പദവികളോ സമ്പത്തോ ലഭിക്കാൻ വേണ്ടി ത്യാഗം ചെയ്യുന്നവർ, എന്റെ വിളികേട്ട്(ഖലീഫയുടെ വിളികേട്ട്)ത്യാഗം ചെയ്യാൻ ഒരിക്കലും വരേണ്ടതില്ല. അല്ലാഹുവിനുവേണ്ടി ത്യാഗം ചെയ്യുന്നവർ മാത്രം വരുക. ദുർബലനും രോഗിയുമായ മനുഷ്യനാണ് ഞാൻ. ആരുടെയും ഔദാര്യം വഹിക്കാൻ എനിക്ക് കഴിയില്ല. ഞാൻ എനിക്കുവേണ്ടി ചോദിക്കുന്നില്ല. അല്ലാഹുവിനുവേണ്ടി നൽകുന്നവൻ നൽകട്ടെ, അല്ലാഹു അതിന് പ്രതിഫലം നൽകുകയും ചെയ്യും. അല്ലാഹുവിൽ ഭരമേൽപ്പിക്കുകയാണ് വേണ്ടത്. അവനിച്ഛിക്കുന്നെങ്കിൽ ഈ ലോകത്ത് നൽകും; അല്ലെങ്കിൽ പരലോകത്ത്. എന്തായാലും, ആത്മാർഥതയോടെ ത്യാഗം ചെയ്യുന്നവന്റെ ത്യാഗം പാഴാക്കപ്പെടുകയില്ല. വിശ്വാസിയുടെ ത്യാഗം ആർക്കും പാഴാക്കാൻ കഴിയുകയുമില്ല. അതിനാൽ, ത്യാഗം ചെയ്യുന്നവർ ദൈവത്തെ മാത്രമായിരിക്കും ലക്ഷ്യംവെക്കുക; അല്ലാതെ ലോകത്തെയല്ല.*(ഖുത്ബാത്തെ മഹ്മൂദ് വാള്യം 17, പേജ് 728-729, ഖുത്ബ ജുമുഅ 4-12-1936)*

അതുകൊണ്ട് ത്യാഗത്തിലും സ്ഥാനത്തിലും അല്ലാഹുവിന്റെ തൃപ്തി മാത്രം എപ്പോഴും ലക്ഷ്യംവെക്കുക. അപ്പോൾ മാത്രമേ അവർക്ക് അല്ലാഹുവിന്റെ യഥാർഥ അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ കഴിയുകയുള്ളൂ. ഒരു പ്രായമെത്തുമ്പോൾ, 'തങ്ങൾക്ക് ഇത്രയധികം അനുഭവമുണ്ട്, തങ്ങൾ ഇത്രയധികം സേവനങ്ങൾ ചെയ്തിട്ടുണ്ട്, അതിനുള്ള പ്രതിഫലം തങ്ങൾക്കു ലഭിക്കണം, അതു ലഭിക്കുന്നില്ലല്ലോ എന്ന് ജമാഅത്തംഗങ്ങൾക്കിടയിലും ചിന്തകളുണ്ടാകാറുണ്ട്. ഇഹലോകത്തിലെ പ്രതിഫലം മാത്രമാണോ നേടേണ്ടത്, അതോ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാകണോ?

ഇന്ന് അൻസ്വാറുല്ലായുടെ ഇജ്തിമാഅ് ആരംഭിക്കുകയാണ്. ഈ പ്രായത്തിൽ പരിചയസമ്പന്നരാകുമ്പോൾ ഇത്തരം ചിന്തകൾ വരാൻ സാധ്യതയുണ്ട്. അൻസ്വാറിനോടും ഞാൻ ഇതുതന്നെയാണ് പറയുന്നത്: 'നിങ്ങളുടെ അനുഭവത്തിന്റെയോ സേവനത്തിന്റെയോ പേരിൽ ആരുടെയെങ്കിലും മനസ്സിൽ വല്ല ചിന്തകളുമുണ്ടാകുന്നെങ്കിൽ, അവർ അത് തള്ളിക്കളയുകയും അല്ലാഹുവിന്റെ തൃപ്തി നേടാൻ ശ്രമിക്കുകയും ചെയ്യുക.

ഈ സന്ദർഭത്തിൽ ബദവികളുടെ(ഗ്രാമീണരായ അറബികൾ) അക്ഷമയും പരാമർശിക്കപ്പെടുന്നുണ്ട്. യുദ്ധമുതലുകൾ വിതരണം ചെയ്യുന്ന സമയത്ത് കുറച്ചു ഗ്രാമീണർ നബിﷺതിരുമേനിയുടെ ചുറ്റും തടിച്ചുകൂടി ധനം ആവശ്യപ്പെടാൻ തുടങ്ങി. അവരുടെ തിരക്കിൽ നബിﷺതിരുമേനിയുടെ പരിശുദ്ധ പുതപ്പ് ഒരു മുൾച്ചെടിയിൽ കുടുങ്ങി, കുറച്ച് തള്ളിക്കയറ്റവുമുണ്ടായി. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'എന്റെ പുതപ്പ് എനിക്ക് തിരിച്ചു തരിക.' എന്നിട്ട് ആ മുൾച്ചെടികളെ ചൂണ്ടി പറഞ്ഞു: 'ഈ മുള്ളുകളുടെ എണ്ണത്തിന് തുല്യമായ ഒട്ടകങ്ങൾ എന്റെ കൈവശമുണ്ടായിരുന്നെങ്കിൽ, അതും ഞാൻ നിങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു, എന്നെ നിങ്ങളൊരിക്കലും പിശുക്കനോ, കള്ളം പറയുന്നവനോ, ഭീരുവോ ആയി കാണുകയില്ല.' ഗ്രാമീണരുടെ ഈ മോശം പെരുമാറ്റത്തിന് നബി ﷺതിരുമേനി അവരെ ശാസിക്കുകയോ ദേഷ്യപ്പെടുകയോ ചെയ്തില്ല, മറിച്ച് പുഞ്ചിരിച്ചുകൊണ്ട് വളരെ മികച്ച രീതിയിൽ അവർക്ക് ശിക്ഷണം നൽകുകയും അവർക്ക് ധനം നൽകുകയും ചെയ്തു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി ﷺ, വാള്യം 9, പേജ് 299, ബസ്മ ഇഖ്ബാൽ ലാഹോർ)*

ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضപറയുന്നു:"ഈ യുദ്ധങ്ങളിൽനിന്ന് മുക്തമായതിനുശേഷം, പരാജിതരായ ശത്രുക്കളിൽനിന്ന് പിഴകളായും യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളായും ശേഖരിച്ച യുദ്ധമുതലുകൾ പതിവനുസരിച്ച് നബിﷺതിരുമേനി ഇസ്‌ലാമിക സൈന്യത്തിൽ വിതരണം ചെയ്യേണ്ടതായിരുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ ആ ധനം മുസ്‌ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനു പകരം, നബിﷺ തിരുമേനി അത് മക്കയിലെയും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലെയും ആളുകൾക്ക് വിതരണം ചെയ്തു. അവരിൽ വിശ്വാസം പ്രവേശിച്ചിരുന്നില്ല. ഈ ആളുകളിൽ പലരും അവിശ്വാസികളായിരുന്നു. മുസ്‌ലിമായവരാകട്ടെ നവ മുസ്‌ലിമീങ്ങളുമായിരുന്നു. ഒരു സമൂഹം തന്റെ സമ്പത്ത് മറ്റുള്ളവരിൽ വിതരണം ചെയ്യുക എന്നത് അവരെ സംബന്ധിച്ചിടത്തോളം പുതിയ കാര്യമായിരുന്നു. ഈ ധനം വിതരണം ചെയ്തത് ഹൃദയത്തിൽ നന്മയും ഭക്തിയും ഉടലെടുക്കുന്നതിനു പകരം ചിലരിൽ അത്യാഗ്രഹം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ നബിﷺതിരുമേനിയുടെ ചുറ്റും തടിച്ചുകൂടി കൂടുതൽ ആവശ്യങ്ങളുന്നയിച്ച് തിരുമേനിയെ വിഷമിപ്പിക്കാൻ തുടങ്ങി. അവസാനം, അവർ തിരുമേനിയെ ഒരു മരത്തിനടുത്തുവരെ തള്ളിമാറ്റി. ഒരു വ്യക്തി അവിടത്തെ തോളിൽ കിടന്നിരുന്ന ചാദർ പിടിച്ച് ചുരുക്കിമുറുക്കാൻ തുടങ്ങി, നബിﷺതിരുമേനിക്ക് ശ്വാസം പോലും കിട്ടാത്ത അവസ്ഥയുണ്ടായി. നബിﷺതിരുമേനി പറഞ്ഞു: 'അല്ലയോ ജനങ്ങളേ, എന്റെ കൈവശം മറ്റെന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ, അതും ഞാൻ നിങ്ങൾക്ക് നൽകിയേനെ. എന്നെ നിങ്ങളൊരിക്കലും പിശുക്കനായോ ഭീരുവായോ കണ്ടെത്തുകയില്ലതന്നെ.'പിന്നീട് നബി ﷺതിരുമേനി തന്റെ ഒട്ടകത്തിന്റെ അടുത്തുപോയി അതിന്റെ ഒരു രോമം പറിച്ച് ഉയർത്തിക്കാണിച്ചുകൊണ്ടു പറഞ്ഞു: 'അല്ലയോ ജനങ്ങളേ, നിങ്ങളുടെ ധനത്തിൽനിന്ന് ഈ രോമത്തിന്റെ അത്രപോലും എനിക്ക് ആവശ്യമില്ല; അറബ് നിയമപ്രകാരം ഭരണകൂടത്തിനുള്ള അഞ്ചിലൊന്ന് ഒഴികെ. ആ അഞ്ചിലൊന്നും ഞാനെന്റെ സ്വന്തം കാര്യത്തിന് ചെലവഴിക്കുന്നില്ല, മറിച്ച് അത് നിങ്ങൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നത്. വഞ്ചിക്കുന്നവൻ അന്ത്യനാളിൽ ദൈവത്തിന്റെ സന്നിധിയിൽ അപമാനിതനാകുമെന്ന് ഓർമ്മിച്ചുകൊള്ളുക.'

ആളുകൾ പറയുന്നു, മുഹമ്മദ് റസൂലുല്ലാഹിﷺരാജ്യഭരണം ആഗ്രഹിച്ചിരുന്നുവെന്ന്. രാജാക്കന്മാരും സാധാരണ ജനങ്ങളും തമ്മിൽ ഇങ്ങനെയുള്ള ബന്ധമാണോ ഉണ്ടാകാറുള്ളത്? ഒരു രാജാവിനെ തള്ളിമാറ്റാനും, അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ട് മുറുക്കാനും ആർക്കെങ്കിലും ധൈര്യമുണ്ടാകുമോ? അല്ലാഹുവിന്റെ ദൂതന്മാർക്കല്ലാതെ ആർക്കാണ് ഈ മാതൃക കാണിക്കാൻ കഴിയുക? എന്നിട്ടും, ഈ രീതിയിൽ എല്ലാ ധനവും പാവപ്പെട്ടവർക്കിടയിൽ വിതരണം ചെയ്തിട്ടും, നബിﷺ തിരുമേനിയുടെ വിതരണം നീതിയുക്തമല്ലെന്ന് വിശ്വസിക്കുന്ന കഠിനഹൃദയരായ ആളുകൾ അന്നുമുണ്ടായിരുന്നു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 357-358)*

നബിﷺതിരുമേനിയുടെ യുദ്ധമുതലുകൾ വിതരണം ചെയ്യുന്നതിലെ പൊതുവായ രീതി ഇപ്രകാരമായിരുന്നു: യുദ്ധമുതലിൽനിന്ന് 'ഖുംസ്'(അഞ്ചിലൊന്ന്) മാറ്റിവെക്കും. ഇത് നബിﷺതിരുമേനി തന്റെ വിവേചനാധികാരമനുസരിച്ച് വിതരണം ചെയ്യുകയോ ചെലവഴിക്കുകയോ ചെയ്തിരുന്നു. ബാക്കി മുഴുവൻ ധനവും യുദ്ധത്തിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്യും. ഇതിൽ കാൽനടയാത്രക്കാർക്കും കുതിരപ്പടയാളികൾക്കും പ്രത്യേക ഓഹരികളുണ്ടായിരുന്നു. എന്നാൽ, ഹുനയ്നിലെ യുദ്ധമുതലുകൾ വിതരണം ചെയ്യുന്നതിനെക്കുറി

ച്ച് നബിﷺതിരുമേനി തങ്ങൾക്ക് ഒന്നും നൽകിയില്ല, മറ്റുള്ളവർക്ക് നൽകിയെന്ന് ചില അൻസ്വാർ ചോദ്യമുന്നയിച്ചല്ലോ? അപ്പോൾ ചോദ്യം ഉയരുന്നു: യുദ്ധത്തിൽ പങ്കെടുത്തവർക്ക് നബിﷺതിരുമേനി യുദ്ധമുതലിൽനിന്ന് ഒന്നും നൽകിയിരുന്നില്ലേ? അതോ അവരുടെ ഓഹരി മാത്രം നൽകിയിട്ട് ബാക്കി മുഴുവനും മറ്റുള്ളവർക്ക് വിതരണം ചെയ്തതാണോ? ഏതായാലും നമ്മുടെ ഗവേഷണ ടീമിന്റെ അഭിപ്രായത്തിൽ, സീറത്തിന്റെ(നബിചരിത്രത്തിന്റെ) പ്രാഥമികവും വിശ്വസനീയവുമായ പുസ്തകങ്ങളിൽ ഇതിന് വ്യക്തമായ ഉത്തരം നൽകിയിട്ടില്ല. എങ്കിലും, ചരിത്ര ഗ്രന്ഥങ്ങൾ പഠിക്കുമ്പോൾ മനസ്സിലാകുന്നത് നബിﷺതിരുമേനി യുദ്ധത്തിൽ പങ്കെടുത്ത എല്ലാവർക്കും അവരുടെ വിഹിതമനുസരിച്ച് നൽകിയിരുന്നുവെന്നാണ്. അത് ഓരോരുത്തർക്കും നാല് ഒട്ടകമോ നാൽപത് ആടോ ആയിട്ടാണ് നൽകിയിരുന്നത്. കൂടാതെ കുതിരപ്പടയാളികൾക്ക് അവരുടെയും നൽകിയിരുന്നു. നബിﷺതിരുമേനിക്ക് മാത്രമുള്ള അഞ്ചിലൊരു ഓഹരിയിൽനിന്ന് പുതിയതായിവന്നവരെ ഇണക്കാനെന്നോണം(തഅ്ലീഫെ ഖൽബിന്) ആളുകൾക്ക് ധനം നൽകി എന്നും സൂചനയുണ്ട്. എന്നാൽ, മറ്റൊരു സാധ്യതയുമുണ്ട്. നബിﷺതിരുമേനി ആ യുദ്ധമുതലുകളിൽനിന്ന് ആർക്കും ഒന്നും നൽകിയില്ലായിരിക്കാം, അതായത്, പതിവ് രീതിയനുസരിച്ച് യുദ്ധത്തിൽ പങ്കെടുത്തവർക്ക് നൽകാതെ, എല്ലാ മുതലുകളും മറ്റുള്ളവർക്ക് നവമനസ്സുകളെ ഇണക്കാൻവേണ്ടി വിതരണം ചെയ്തു. ചരിത്രത്തിന്റെയും സീറത്തിന്റെയും പല ഗ്രന്ഥങ്ങളും ഇതിനെ പിന്തുണയ്ക്കുന്നുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെؓഒരു ഉദ്ധരണിയും ഇതേ ധാരണ നൽകുന്നുണ്ട്. അദ്ദേഹം പറയുന്നു: 'ഈ യുദ്ധങ്ങൾക്കെല്ലാം വിരാമമിട്ടശേഷം, പരാജിതരായ ശത്രുക്കളിൽനിന്ന് പിഴകളായും യുദ്ധക്കളത്തിൽ ഉപേക്ഷിക്കപ്പെട്ട വസ്തുക്കളായും ശേഖരിച്ച യുദ്ധമുതലുകൾ പതിവനുസരിച്ച് നബിﷺതിരുമേനി ഇസ്‌ലാമിക സൈന്യത്തിൽ വിതരണം ചെയ്യേണ്ടതായിരുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ, ആ ധനം മുസ്‌ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനു പകരം, നബിﷺതിരുമേനി അത് മക്കയിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലെയും ആളുകൾക്ക് വിതരണം ചെയ്തു.

ഹദീഥുകളിൽ ഇപ്രകാരം നിവേദനങ്ങളുണ്ട്. യുദ്ധമുതലുകൾ വിതരണം ചെയ്യുന്ന സമയത്ത് ഗ്രാമീണനായൊരു അറബി (ബദൂ) നബിﷺതിരുമേനിയുടെ അടുത്തുവന്നു, എന്നിട്ട് പറഞ്ഞു: 'മുഹമ്മദേ!ﷺ 'താങ്കൾ എന്നോടു ചെയ്ത വാഗ്ദാനം പാലിക്കുക.' നബിﷺതിരുമേനി പറഞ്ഞു: 'സന്തോഷിക്കുക.' ആ ഗ്രാമീണൻ പറഞ്ഞു: അങ്ങ് പലപ്പോഴും 'സന്തോഷിക്കുക' എന്ന് മാത്രമാണ് പറയുന്നത്. (അതായത്, നബിﷺതിരുമേനി ഒന്നും നൽകുന്നില്ല, പറയുക മാത്രമാണ് ചെയ്യുന്നതെന്ന്.)നബിﷺതിരുമേനിക്ക് ഇയാളുടെ ഈ പ്രതികരണം തീരെ ഇഷ്ടപ്പെട്ടില്ല. അവിടന്ന് അയാളിൽനിന്ന് തന്റെ മുഖകമലം തിരിച്ചു കളഞ്ഞു. അവിടെ നിന്നിരുന്ന ഹദ്റത്ത് അബൂ മൂസാ അശ്അരിയുടെയും ഹദ്റത്ത് ബിലാലിന്റെയും നേർക്ക് തിരിഞ്ഞ് പറഞ്ഞു: 'ഇവൻ സന്തോഷവാർത്ത സ്വീകരിക്കാൻ വിസമ്മതിച്ചിരിക്കുന്നു, ഇനി നിങ്ങൾ സ്വീകരിക്കുക.' ഇതുകേട്ട് ഇരുവരും ഉടൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു.' അതിനുശേഷം നബിﷺതിരുമേനി ഒരു പാത്രത്തിൽ വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെടുകയും അതിൽ തന്റെ കൈയും മുഖവും കഴുകുകയും ചെയ്തു. തുടർന്ന് അവിടന്ന് ആ ശേഷിച്ച വെള്ളം ഹദ്റത്ത് അബൂമൂസക്കും ഹദ്റത്ത് ബിലാലിനും നൽകിക്കൊണ്ടു പറഞ്ഞു: 'നിങ്ങൾ രണ്ടുപേരും ഈ വെള്ളം കുടിക്കുക, നിങ്ങളുടെ മുഖത്തും നെഞ്ചിലും തടവുകയും, സന്തോഷിക്കുകയും ചെയ്യുക.' അങ്ങനെ അവർ പാത്രം വാങ്ങി അതുപോലെ ചെയ്തു.

ഇവിടെ, പ്രവാചകപത്നിമാരുടെ ആത്മാർഥതയുടെയും നബിﷺതിരുമേനിയിൽനിന്ന് അനുഗ്രഹം നേടുന്നതിന്റെയും അപാരവും അസൂയാർഹവുമായ ഒരു ദൃശ്യം കാണാൻ സാധിക്കും. എഴുതുന്നു: സമീപത്തുള്ള ഒരു കൂടാരത്തിൽ ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമയുംؓ ഉണ്ടായിരുന്നു. ഈ സംഭവം മുഴുവനും അവരുടെ കൂടാരത്തിനടുത്തായിരിക്കണം നടന്നത്. അവർ പർദ്ദയുടെ പിന്നിൽനിന്ന് ആ രണ്ട് സ്വഹാബിമാരോട് (ബിലാലും അബൂ മൂസയും) പറഞ്ഞു: 'നിങ്ങളുടെ മാതാവിനു വേണ്ടിയും കുറച്ച് വെള്ളം ബാക്കിവെക്കണം.' അങ്ങനെ അവർ ഹദ്റത്ത് ഉമ്മു സലമക്കുവേണ്ടിയും കുറച്ച് വെള്ളം പാത്രത്തിൽ ബാക്കിവെച്ചു.*(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 4328)(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 300, ബസം ഇഖ്ബാൽ ലാഹോർ)*

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു: ഒരാൾ നബിﷺതിരുമേനിയുടെ അടുത്തു വന്നു, രണ്ട് മലകൾക്കിടയിലെ താഴ്‌വരയിൽ നിറയെ ആടുകളുടെ ഒരു വലിയ കൂട്ടത്തെ കണ്ടു. അദ്ദേഹം നബിﷺതിരുമേനിയോടു പറഞ്ഞു: 'ഇത് എനിക്ക് തരിക.' നബിﷺതിരുമേനി ഒരു മടിയും കൂടാതെ അവ അദ്ദേഹത്തിന് നൽകി. ആ ആട്ടിൻ കൂട്ടവുമായി അയാൾ തന്റെ സമുദായത്തിന്റെ അടുത്തുപോയി പറഞ്ഞു: 'ജനങ്ങളേ, മുഹമ്മദിﷺൽ വിശ്വസിക്കുക. അദ്ദേഹം വളരെയധികം ദാനം ചെയ്യുന്നു, ദാരിദ്ര്യത്തെയോ പട്ടിണിയെയോ ഒട്ടും ഭയപ്പെടുന്നില്ല.' ചരിത്രകാരന്മാർ പറയുന്നു, ഈ സംഭവവും ഈ സന്ദർഭത്തിൽ നടന്നതാണ്. ഇത് ഹദീഥിലെ നിവേദനങ്ങളാണ്. എന്തായാലും, മറ്റു സംഭവങ്ങൾ ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ വിവരിക്കുന്നതാണ്.*(സ്വഹീഹ് മുസ്‌ലിം,കിതാബുൽ ഫളാഇൽ ഹദീഥ് 2312)(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 300, ബസം ഇഖ്ബാൽ ലാഹോർ)*

ഈ നേരത്ത് ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. ജുമുഅയ്ക്കുശേഷം ജനാസയും നമസ്കരിപ്പിക്കുന്നതായിരിക്കും

മുബല്ലിഗ് സിൽസില, റൊമാനിയ മർഹൂം ഫഹീമുദ്ദീൻ നാസിർ സാഹിബ്

ആദ്യത്തെ ജനാസ റൊമാനിയയിലെ മുബല്ലിഗെസിൽസില യായിരുന്ന ഫഹീമുദ്ദീൻ നാസിർ സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം 52-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാമഹൻ, ഹദ്റത്ത് മിർസ ഇൽമുദ്ദീൻ സാഹിബിലൂടെയാണ്. അദ്ദേഹത്തിന് കത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന് ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം കിട്ടി. ഖാദിയാനടുത്തുള്ള ലോധീ നംഗൽ എന്ന ഗ്രാമത്തിലെ ഇമാം മസ്ജിദ് നൂർ മുഹമ്മദ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന് ബയ്അത്ത് ചെയ്തതിനുശേഷം നാട്ടിൽ തിരിച്ചെത്തി. അദ്ദേഹം ഗ്രാമത്തിൽവന്ന് ഇങ്ങനെ പ്രഖ്യാപിച്ചു: 'ഇമാം മഹ്ദി വന്നിരിക്കുന്നു. അദ്ദേഹം സത്യവാനാണ്, നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുക.' അതു കഴിഞ്ഞ് കത്തുവഴി ബയ്അത്ത് ചെയ്തവരിൽ മിർസ ഇൽമുദീൻ സാഹിബും ഉൾപ്പെട്ടിരുന്നു.

ഫഹീമുദ്ദീൻ നാസിർ സാഹിബ് 1996 ജൂണിൽ ജാമിഅ അഹ്മദിയ്യയിൽനിന്ന് പഠനം പൂർത്തിയാക്കി. ശേഷം പാക്കിസ്താനിൽ വിവിധ സ്ഥലങ്ങളിൽ മുബല്ലിഗായി നി

**• ഹദീഥുന്നബ്‌വിﷺ •**

**"ഇത്തഖുല്ലാഹ ഫിന്നിസാഇ."**
**സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമുസ്‌ലിമു മിർഅത്തുൽ മുസ്‌ലിമി."**
**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാകുന്നു.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

യമിതനായി. ഖുർആൻ തഫ്സീറിൽ അദ്ദേഹം സ്പെഷ്യലൈസ് ചെയ്തു. 2006-ൽ അദ്ദേഹത്തെ റൊമാനിയയിലേക്ക് അയച്ചു, മരണംവരെ അവിടെ സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ നസീറ ഫഹീം എഴുതുന്നു: അദ്ദേഹം ഒരു മാതൃകാപരമായ ഭർത്താവായിരുന്നു. ഞാൻ ഒന്നും പറയാതെതന്നെ എന്റെ വികാരങ്ങളെയും ചിന്തകളെയും അദ്ദേഹം മനസ്സിലാക്കുമായിരുന്നു. വളരെയധികം ശ്രദ്ധയും കരുതലും നൽകുന്ന ഒരു പിതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട സ്വഭാവ സവിശേഷതകളിൽ, അല്ലാഹുതആലായുമായുള്ള ശക്തമായ ബന്ധം,തവക്കുൽ, ഇബാദത്ത്, ദുആ, ക്ഷമ, ധൈര്യം, വിവേകം, സഹനം, ദീനിന്റെ സേവനത്തോടുള്ള തീവ്രമായ ആഗ്രഹവും അഭിനിവേശവും, സ്വന്തം കടമകളെക്കുറിച്ചുള്ള ഉത്തമമായ ബോധം, എല്ലാ ജോലികളും കൃത്യസമയത്ത് പൂർത്തിയാക്കാനുള്ള ശ്രദ്ധ എന്നിവ ഉൾപ്പെടുന്നു.

ഖിലാഫത്തുമായി അദ്ദേഹത്തിന് അഗാധമായ സ്നേഹബന്ധവും ആത്മാർഥതയുമുണ്ടായിരുന്നു. എല്ലാ വ്യക്തിപരമായ കാര്യങ്ങൾക്കും ജമാഅത്ത് കാര്യങ്ങൾക്കും മുമ്പേ അദ്ദേഹം ഖലീഫക്ക് കത്തെഴുതുകയും മാർഗ്ഗനിർദ്ദേശം തേടുകയും ചെയ്യുമായിരുന്നു. ജമാഅത്തംഗങ്ങളെയും തന്റെ മക്കളെയും അദ്ദേഹം എപ്പോഴും സ്വന്തം കർമമാതൃകയിലൂടെയാണ് ശിക്ഷണം നല്കിയിരുന്നത്. കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ രീതി വളരെ മികച്ചതായിരുന്നു. കൃത്യസമയത്തുള്ള നമസ്കാരങ്ങൾ, തഹജ്ജുദ്, നഫ്ലുകൾ എന്നിവ അദ്ദേഹത്തിന്റെ ദിനചര്യയായിരുന്നു. രോഗം മൂർച്ഛിച്ചപ്പോഴും അദ്ദേഹം നമസ്കാരങ്ങൾ മുടക്കാതിരിക്കാൻ ശ്രദ്ധിച്ചു. അവസാനം, അദ്ദേഹത്തിന് കാൻസർ വന്ന് സംസാരിക്കാൻ പോലും ബുദ്ധിമുട്ടായപ്പോൾ, അദ്ദേഹം പേപ്പർ കൊണ്ടുവരാൻ ആംഗ്യം കാണിച്ച് ഇപ്രകാരം എഴുതി:

'ആരാധനയിലും അല്ലാഹുതആലായുടെ സന്നിധിയിലുള്ള പ്രാർഥനയിലും ശ്രദ്ധിക്കുക. എല്ലാ പ്രയാസങ്ങളിലും വിഷമങ്ങളിലും അവന്റെ പടിവാതിൽക്കൽ തലകുനിക്കുക.'

കൂടാതെ, തന്റെ ഭാര്യയെയും മക്കളെയും അദ്ദേഹം ഇങ്ങനെ ഉപദേശിച്ചു: 'എന്ത് സംഭവിച്ചാലും നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിക്കരുത്.' അദ്ദേഹം എപ്പോഴും ഇങ്ങനെ പറയുമായിരുന്നു: 'നിങ്ങൾ അല്ലാഹുവിനോടു മാത്രം ചോദിക്കുക. അല്ലാഹുതആലായുമായി സജീവ ബന്ധം സ്ഥാപിക്കുക, അവനുമായി സൗഹൃദം സ്ഥാപിക്കുക. അവൻ നിങ്ങളെ ഒരു ബുദ്ധിമുട്ടിലും തനിച്ചു വിടുകയില്ല.'

തബ്ലീഗിനും ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിനുമുള്ള അവസരം അദ്ദേഹം പാഴാക്കിയിരുന്നില്ല. ജമാഅത്തിന്റെ സാഹിത്യങ്ങളും ലഘുലേഖകളും കൂടെ കരുതുമായിരുന്നു. ആശുപത്രിയിൽ ഡോക്ടറെ കാണാൻ പോകുമ്പോൾ ഡോക്ടറേയും അദ്ദേഹം തബ്ലീഗ് ചെയ്യുമായിരുന്നു. ഡോകടർമാർക്ക് തബ്ലീഗ് ചെയ്യാൻ സാധിച്ചതിൽ അദ്ദേഹം നന്ദി പ്രകടിപ്പിച്ചിരുന്നു. എപ്പോഴും മുഖത്ത് ഒരു പുഞ്ചിരി ഉണ്ടായിരുന്നു. അദ്ദേഹം വളരെ സൗഹൃദപരമായി പെരുമാറുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ഈ സ്വഭാവം കാരണം എല്ലാവരും അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണം അറിഞ്ഞപ്പോൾ, മിഷൻ ഹൗസിന് അടുത്ത് താമസിച്ചിരുന്ന റൊമാനിയൻ അയൽക്കാർ കരഞ്ഞുകൊണ്ട് തങ്ങളുടെ ദുഃഖം പ്രകടിപ്പിച്ചു, അവർക്ക് വലിയ ഞെട്ടലുണ്ടായി.

രോഗാവസ്ഥയിൽപോലും അദ്ദേഹം തന്റെ ജോലിപരമായ കടമകൾ മുടങ്ങാതെ നിർവഹിച്ചു. മരിക്കുന്നതിനു രണ്ട് ദിവസം മുമ്പേവരെ, അദ്ദേഹത്തിന്റെ ആരോഗ്യം വളരെ ദുർബലമായിരുന്നപ്പോഴും, ശ്വാസമെടുക്കാൻ ബുദ്ധിമുട്ടായിരുന്നിട്ടും, ഭക്ഷണം കഴിക്കാൻ പ്രയാസമായിരുന്നിട്ടും, അദ്ദേഹം ജമാഅത്തിന്റെ കത്തുകൾ എഴുതുകയും അടിയന്തിര ഇമെയിലുകൾക്ക് മറുപടി നൽകുകയും ചെയ്തു. അത്യാവശ്യമായൊരു ഇമെയിലിന് അദ്ദേഹം മറുപടി നൽകുകയും ചെയ്തു.

റൊമാനിയയിൽ ജമാഅത്ത് ശക്തിപ്പെടണമെന്നതായിരുന്നു അദ്ദേഹത്തിന്റെ വലിയ ആഗ്രഹം. രാജ്യത്തെ സാഹചര്യങ്ങൾ പരിഗണിച്ച്, അതിനുവേണ്ടി ഉചിതമായ നയപ്രവർത്തനങ്ങളിലൂടെ അദ്ദേഹം പരിശ്രമിച്ചുകൊണ്ടേയിരുന്നു. നിങ്ങളുടെ സ്വഭാവവും പെരുമാറ്റവും പ്രബോധനത്തിന് ഒരു ഉപാധിയായി മാറണമെന്ന് അദ്ദേഹം മക്കളോടു പറയാറുണ്ടായിരുന്നു.

റൊമാനിയൻ ഭാഷയിൽ വിശുദ്ധ ഖുർആന്റെ പരിഭാഷ പൂർത്തിയാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഏകദേശം ഒന്നര ജുസ്ഇന്റെ പരിഭാഷ അദ്ദേഹം പൂർത്തിയാക്കിയിരുന്നെങ്കിലും, മറ്റു ജോലികൾ കാരണം കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചില്ല. അതുപോലെ, ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ ഗ്രന്ഥങ്ങളും അദ്ദേഹം പരിഭാഷപ്പെടുത്തുന്നുണ്ടായിരുന്നു.

വിവിധ മേഖലകളിൽനിന്നുള്ള പ്രാദേശിക റൊമാനിയൻ ആളുകളുമായി അദ്ദേഹം ഇടപഴകുമ്പോഴെല്ലാം, അവർ ഇങ്ങനെ പറയുമായിരുന്നു: അദ്ദേഹത്തിന്റെ ഭാഷാശൈലി വളരെ മര്യാദയുള്ളതും സാഹിത്യപരവുമാണ്; അത് സാധാരണയായി യൂണിവേഴ്സിറ്റിയിൽ പഠിപ്പിക്കുന്ന പ്രൊഫസർമാർ സംസാരിക്കുന്നതുപോലെയാണ്. അവിടുത്തെ തദ്ദേശവാസികൾ പറയുമായിരുന്നു: ഒരു റൊമാനിയൻ അല്ലാത്ത വ്യക്തി ഇത്രയും നല്ലതും മികച്ചതുമായ ഭാഷ സംസാരിക്കുന്നത് ഞങ്ങൾ കണ്ടിട്ടില്ല. അദ്ദേഹത്തിന് വളരെ നല്ല ഭാഷാജ്ഞാനമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് സ്വഫിയാ ബീഗം പറയുന്നു: മർഹൂമിന്റെ ഉമ്മയുടെ പിതാവും മാതാവും ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ സ്വഹാബിമാർ ആയിരുന്നു. മുറബ്ബി സാഹിബ് ഉയർന്ന സ്വഭാവഗുണങ്ങൾക്ക് ഉടമയായിരുന്നു. കണ്ടുമുട്ടിയവരെല്ലാം അതെടുത്തുപറയുന്നുണ്ട്. സൽപ്പെരുമാറ്റം, ക്ഷമ, ദീനീ കാര്യങ്ങളോടുള്ള തീവ്രമായ അഭിവാഞ്ഛ എന്നിവയെല്ലാം അല്ലാഹു അദ്ദേഹത്തിന് നൽകിയ അനുഗ്രഹങ്ങളായിരുന്നു. അവർ പറയുന്നു, അവൻ വളരെ അനുസരണയുള്ള മകനായിരുന്നു. അവന്റെ പിതാവ്, അവന്റെ ജനനത്തിനു മുമ്പേ ഒരു സ്വപ്നം കണ്ടിരുന്നു: അദ്ദേഹം ഒരു കുട്ടിയെ എടുത്തുനിൽക്കുകയും, അവന്റെ നെറ്റിയിൽ ചന്ദ്രനെയും നക്ഷത്രത്തെയും കാണുകയും ചെയ്തു. പിന്നീട് മാതാവ് പറയുന്നു: അവൻ ഒരു മുറബ്ബിയായപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, ഇൻശാ അല്ലാഹ് ഒരു ദിവസം അവൻ തീർച്ചയായും പ്രകാശിക്കുമെന്ന്! 2006-ൽ അദ്ദേഹം റൊമാനിയയിലേക്ക് പോയി. അദ്ദേഹം റൊമാനിയയിലെ ആദ്യത്തെ മുബല്ലിഗായിരുന്നു. അദ്ദേഹം അവിടുത്തെ ഭാഷ പഠിച്ചു, വളരെ മികച്ച രീതിയിൽ പഠിച്ചു, അവിടെനിന്ന് ബിരുദവും കരസ്ഥമാക്കി. അദ്ദേഹം ജമാഅത്തിനുവേണ്ടി വലിയ സേവനങ്ങളാണ് ചെയ്തത്. അദ്ദേഹം ജമാഅത്തിനെ അവിടെ രജിസ്റ്റർ ചെയ്യുകയും മിഷൻ ഹൗസ് സ്ഥാപിക്കുകയും ചെയ്തു. നിത്യേന ചെയ്യേണ്ടിയിരുന്ന ജോലി പൂർത്തിയാക്കാതെ അദ്ദേഹം വിശ്രമിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സഹോദരൻ റഫീഉദ്ദീൻ പറയുന്നു: 'മെട്രിക്കുലേഷൻ കഴിഞ്ഞയുടൻ, മറ്റാരുടെയും നിർബന്ധമില്ലാതെ അദ്ദേഹം ജാമിഅയിൽ പോയി ചേരുകയും, തുടർന്ന്

• ഹദീഥുന്നബ്വി ﷺ •

"അദ്ദാലു അലൽഖയ്രി കഫായിലിഹീ."
നന്മയെക്കുറിച്ചു മാർഗദർശനം നല്കുന്നയാൾ
അത് ചെയ്യുന്നവനെപ്പോലെയാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വി ﷺ •

"യിദത്തുൽ മുഅ്മിനി കഅഖ്ദിൽകഫ്ഫി."
വിശ്വാസിയുടെ വാഗ്ദാനം കൈയിൽ കിട്ടിയതുപോലെയാണ്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

വഖ്ഫുജീവിതം വളരെ മികച്ച രീതിയിൽ, സത്യസന്ധതയോടെ പാലിക്കുകയും ചെയ്തു. അദ്ദേഹമൊരിക്കലും അവധിയെടുക്കാറുണ്ടായിരുന്നില്ല; ഒരു തവണ ഒഴികെ. തന്റെ ഇളയ സഹോദരി മരിച്ചപ്പോൾ മാത്രമാണ് അദ്ദേഹം അവധിയെടുത്തതെന്ന് സഹോദരൻ പറയുന്നു. അദ്ദേഹത്തിന്റെ മകൻ മിർസ ലബീദ് പറയുന്നു: 'ഞാൻ മെഡിക്കൽ കോളേജിൽ പ്രവേശനം നേടി. എനിക്കൊരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. എനിക്ക് ഈ പഠനം പൂർത്തിയാക്കാൻ കഴിയുമോ എന്ന ആശങ്കയുണ്ടായിരുന്നു. എല്ലാ ദിവസവും അദ്ദേഹം എന്നെ ഫോൺ വിളിച്ച് ധൈര്യം നൽകുമായിരുന്നു. സ്വലാത്ത് ചൊല്ലാനും, തഹജ്ജുദ് നമസ്കരിക്കാനും, പ്രാർഥനകൾ വർധിപ്പിക്കാനും, കഠിനാധ്വാനം ചെയ്യാനും ഉപദേശിച്ചു. അങ്ങനെ അദ്ദേഹം എന്നെ വളരെയധികം പ്രോത്സാഹിപ്പിച്ചു. അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ ദാനിശ് പറയുന്നു: 'ഒരിക്കൽ മാത്രം അദ്ദേഹവുമായി ബന്ധം പുലർത്തിയ ആൾ അദ്ദേഹത്തിന്റെ വിയോഗവാർത്ത കേട്ടപ്പോൾ കരഞ്ഞു. അദ്ദേഹം പറഞ്ഞു, 'അദ്ദേഹം വളരെ സൽപ്രകൃതനും ദൈവഭയമുള്ള ആളുമായിരുന്നു. അതീവ വാത്സല്യമുള്ള വ്യക്തിയായിരുന്നു.' ലാറ്റ്വിയയിലെ മുബല്ലിഗ് എഴുതുന്നു: 'പരേതൻ വളരെ കഠിനാധ്വാനിയും, സൽസ്വഭാവിയും, പ്രസന്നവദനനുമായിരുന്നു. അദ്ദേഹത്തിന്റെ വിനയവും, എളിമയും, ലാളിത്യവും ഏതൊരാളെയും ആകർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഒരു പ്രത്യേക ഊഷ്മളത ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരിയുണ്ടായിരുന്നു. റൊമാനിയയിൽ വിദ്യാഭ്യാസം കരസ്ഥമാക്കിയിരുന്ന മറ്റു രാജ്യങ്ങളിലെ വിദ്യാർഥികളോടു അദ്ദേഹം വലിയ വാത്സല്യത്തോടെയും സ്നേഹത്തോടെയുമാണ് പെരുമാറിയിരുന്നത്.'

മെഡിക്കൽ കോളേജ് വിദ്യാർഥിയായിരുന്ന (ഇപ്പോൾ ഇദ്ദേഹം ഡോക്ടറാണ്) തസ്‌വീർ ജാവേദ് പറയുന്നു: 'വിദ്യാർഥികളുടെ ആത്മീയ ശിക്ഷണത്തിനുവേണ്ടി അദ്ദേഹം പലപ്പോഴും ട്രെയിനിലോ ബസിലോ മണിക്കൂറുകൾ യാത്ര ചെയ്ത്, അവർ പഠിച്ചിരുന്ന യൂണിവേഴ്സിറ്റികളിലും കോളേജുകളിലും പോകുമായിരുന്നു. ജമാഅത്തിന്റെ പണം ചെലവഴിക്കുന്നതിൽ അദ്ദേഹത്തിന് അതിയായ ശ്രദ്ധയുണ്ടായിരുന്നു. അതിന് പഴയ കാർഡ്ബോർഡുകളും മറ്റും ശേഖരിച്ച് അദ്ദേഹം സ്വയം ഒരു ഡയസ് പോലും നിർമ്മിച്ചു. പണം ലാഭിക്കാനായിരുന്നു ഇങ്ങനെ ചെയ്തത്. കഠിനമായ രോഗാവസ്ഥയിലും അവസാന നിമിഷംവരെ വലിയ പ്രയാസങ്ങൾക്കിടയിലും അദ്ദേഹം നമസ്കാരങ്ങൾ മുടക്കംകൂടാതെ നിർവഹിച്ചിരുന്നു. അദ്ദേഹം വളരെ ലളിതനും വിനയമുള്ള ആളുമായിരുന്നു. മക്കൾക്ക് മാന്യതയും വിനയവും പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. റൊമാനിയക്കാരനായ അസീം റൂമാൻ ശംസ് പറയുന്നു: 'എന്റെ പരീക്ഷകൾ വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. ഞാൻ വിജയിക്കുമോ എന്ന് എനിക്ക് സംശയമുണ്ടായിരുന്നു. മുറബ്ബി സാഹിബ് എന്നെ ആശ്വസിപ്പിക്കുമായിരുന്നു, 'നിങ്ങൾ വിഷമിക്കേണ്ട. പരീക്ഷയ്ക്ക് ഒരാഴ്ച മുമ്പേ ഞാൻ നിങ്ങളെ ചില പ്രധാന പോയിന്റുകൾ പഠിപ്പിക്കാം. അല്ലാഹുവിന്റെ സഹായത്താൽ നിങ്ങൾ വിജയിക്കും.' അതെനിക്ക് ഉപകാരപ്പെടുകയും ചെയ്തു.'

റൊമാനിയയിലെ നവമുസ്‌ലിം അദീൽ അദ്നാൻ പറയുന്നു: 'ഞാൻ അദ്ദേഹത്തെ ആശുപത്രിയിൽ കൊണ്ടുപോയ ശേഷം, അടുത്ത ദിവസംതന്നെ ഒരു ജമാഅത്ത് കാര്യത്തിനുവേണ്ടി എന്റെ സഹായം തേടി. ഇതിനുവേണ്ടി അടുത്ത നഗരത്തിൽ വരണമായിരുന്നു. ഞങ്ങൾ യാത്ര ചെയ്യുമ്പോൾ, വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ, ഒരു ഘട്ടത്തിൽ മുറബ്ബി സാഹിബ് വികാരാധീനനായി എന്നോടു പറഞ്ഞു: 'അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ച് എനിക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ, എന്നെ ഇവിടെത്തന്നെ അടക്കം ചെയ്യണമെന്ന് ഞാനാഗ്രഹിക്കുന്നു. കാരണം, ഞാൻ ഇവിടെ താമസിക്കുകയും ഈ സ്ഥലത്ത് ഒരു നല്ല മാറ്റമുണ്ടാക്കുകയും ചെയ്തു എന്നതിന്റെ ഓർമ എന്ന നിലയ്ക്കാണിത്.'

അദ്ദേഹം തുടർന്നെഴുതുന്നു: 'ആരോഗ്യം കൂടുതൽ വഷളായപ്പോഴും അദ്ദേഹം എപ്പോഴും ലാപ്ടോപ്പിൽ ജോലി ചെയ്യുകയും സ്വയം കത്തെഴുതി തന്റെ ജോലി തുടർന്ന് കൊണ്ടുപോകാൻ പരമാവധി ശ്രമിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം എപ്പോഴും അല്ലാഹുവിന്റെ ദീനിനെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുമാണ് കൂടുതൽ ചിന്തിച്ചിരുന്നത്. തന്റെ അവസാന ശ്വാസംവരെ ഒരു നിമിഷംപോലും അദ്ദേഹം തന്നെക്കുറിച്ച് ചിന്തിച്ചില്ല. ഞാൻ മുറബ്ബി സാഹിബിനെ തന്റെ സമയവും ഉറക്കവും മറ്റുള്ളവർക്കുവേണ്ടി ത്യാഗം ചെയ്യുന്നതുകണ്ടു. മറ്റുള്ളവരെ സേവിക്കാൻ അവസരം ലഭിച്ചതിൽ അദ്ദേഹം എപ്പോഴും നന്ദിയുള്ളവനായിരുന്നു.'

അദ്ദേഹം പറയുന്നു: 'ഞാനൊരിക്കലും അദ്ദേഹത്തിന്റെ വായിൽനിന്ന് ആരെക്കുറിച്ചും ചെറിയ ഒരു മോശം വാക്കുപോലും കേട്ടിട്ടില്ല. അദ്ദേഹം കരഞ്ഞുകൊണ്ട് തന്റെ കുടുംബത്തിനുവേണ്ടി മാത്രമല്ല, ഞങ്ങളുടെ റൊമാനിയൻ ജമാഅത്തിനുവേണ്ടിയും അതിലെ അംഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാറുണ്ടായിരുന്നു. അദ്ദേഹം ഒരൊറ്റ ദിവസത്തെ അവധി പോലും എടുക്കുകയോ അധികം വിശ്രമിക്കാനാ ഗ്രഹിക്കുകയോ ചെയ്തില്ല. കാരണം, തന്റെ ഏറ്റവും മികച്ച കഴിവുകളോടെ ജമാഅത്തിനെ സേവിക്കുക എന്നത് തന്റെ കടമയാണെന്ന് അദ്ദേഹം പറയുമായിരുന്നു, അതിനുവേണ്ടി തന്റെ ഉറക്കമോ ആരോഗ്യവുമോ എത്രത്തോളം ത്യജിക്കേണ്ടി വന്നാലും ശരി.

അദ്ദേഹം എപ്പോഴും പൂർണ്ണമായി അല്ലാഹുവിൽ തന്നെ ഭരമേൽപ്പിച്ചു. മറ്റുള്ളവരെയും കൂടുതൽ പ്രാർഥിക്കാനും അവന്റെ സഹായത്തിൽ വിശ്വസിക്കാനും ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ആ നവമുസ്‌ലിം എഴുതുന്നു: 'എന്നെ സംബന്ധിച്ചിടത്തോളം മുറബ്ബി സാഹിബ് ഒരു മുറബ്ബി മാത്രമല്ലായിരുന്നു, ഒരു പിതാവിനെപ്പോലെയായിരുന്നു. അദ്ദേഹം എനിക്ക് ഒരു അസാധാരണ ആത്മീയ വഴികാട്ടിയും വളരെ നല്ല ഒരു അടുത്ത സുഹൃത്തുമായിരുന്നു.' ഒരു മുറബ്ബിയുടെ സവിശേഷഗുണങ്ങളായി ഈ നവമുസ്‌ലിം വിവരിച്ചതാണിവയെല്ലാം. ഈ ശിക്ഷണവും സ്വന്തം മാതൃകയുമാണ് പ്രബോധനത്തിലും പരിശീലനത്തിലും എളുപ്പമുണ്ടാക്കുകയും സൽഫലങ്ങൾ നൽകുകയും ചെയ്യുന്നത്. വിദേശ രാജ്യത്ത് ദീനിനുവേണ്ടി ത്യാഗം ചെയ്തതിനാൽ, അദ്ദേഹത്തിന്റെ സ്ഥാനം ഒരു ശഹീദിന്റേതിന് തുല്യമാണ്. അവസാന ശ്വാസം വരെ അദ്ദേഹം തന്റെ പ്രതിജ്ഞ പാലിക്കുകയും അതു നന്നായി നിർവഹിക്കുകയും ചെയ്തു. ഞാൻ കണ്ടിട്ടുള്ളതുപോലെ, അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരിയുണ്ടായിരുന്നു.

മൗലവി ഉബയ്ദുല്ലാഹ് സാഹിബ് മൗറീഷ്യസിൽ സേവനത്തിനിടയിൽ മരണപ്പെട്ടപ്പോൾ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് റളിയല്ലാഹു അൻഹു അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ജമാഅത്തിന് ഒരു ഉപദേശം നൽകിയിരുന്നു: 'ഇത്തരത്തിലുള്ള ആളുകൾ ശഹീദുമാരാണ്. നാം അവരിൽനിന്ന് പാഠമുൾക്കൊള്ളണം.' തീർച്ചയായും ഫഹീം നാസിർ സാഹിബും അതുപോലെയുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ മാതൃക ഒരു പാഠമാണ്, പ്രത്യേകിച്ചും വാഖിഫീനെ സിന്ദഗിക്ക്!അല്ലാഹു മർഹൂമിന്റെ പദവികളുയർത്തുകയും, അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും മാതാവിനും ക്ഷമ നൽകുകയും


**• ഹദീഥുന്നബ്‌വി ﷺ •**

**"തർക്കുദ്ദുആഇ മഅ്സ്വിയത്തുൻ"**

**ദുആ ഉപേക്ഷിക്കുന്നത് പാപമാണ്.**

ത്വാലിബെ ദുആ **RAHMAN SHAKEER & FAMILY** AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വി ﷺ •**

**"സിൻ വർജിഹ്."**

**അളന്നു കൊടുക്കുമ്പോൾ കൂടുതൽ കൊടുക്കുക.**

ത്വാലിബെ ദുആ **P. ABDUL AMEER** AHMADIYYA JAMA-ATH MANJERY, KERALA

ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം കാനഡയിലുള്ള അബ്ദുൽ റശീദ് ഫാറൂഖി സാഹിബിന്റെ മകൻ അബ്ദുൽ അലീം ഫാറൂഖി സാഹിബിനെക്കുറിച്ചാണ്. അദ്ദേഹം കഴിഞ്ഞ ദിവസം മരണപ്പെട്ടു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ മരണം ഇപ്രകാരമായിരുന്നു: മൂന്ന് സായുധരായ കവർച്ചക്കാർ അദ്ദേഹത്തിന്റെ വീട്ടിൽ അതിക്രമിച്ചു കയറി. അദ്ദേഹം തന്റെ മുറിയിൽ ഉറങ്ങുകയായിരുന്നു. ഭാര്യയും മൂന്നുകുട്ടികളും താഴത്തെ നിലയിലായിരുന്നു. മകനും തന്റെ മുറിയിലായിരുന്നു. കവർച്ചക്കാർ എല്ലാവരുടെയും ഫോണുകൾ പിടിച്ചെടുത്തു. ശബ്ദംകേട്ട് മർഹൂം ഉണർന്നു. ഒരു കവർച്ചക്കാരൻ അദ്ദേഹത്തിന്റെ മുറിയിൽ പ്രവേശിച്ചു. മർഹൂം അയാളെ ഭയപ്പെടുത്താൻ ശ്രമിച്ചപ്പോൾ, അയാൾ വടികൊണ്ട് അദ്ദേഹത്തിന്റെ മൂക്കിലും തോളിലും മർദ്ദിച്ച് ഓടിപ്പോയി. ആ സമയത്ത്, മർഹൂം തന്റെ മകന്റെ മുറിയിൽ പോകാൻ തുടങ്ങിയപ്പോൾ, കോവണിക്ക് അടുത്ത് നിന്നിരുന്ന മറ്റൊരു കവർച്ചക്കാരൻ അദ്ദേഹത്തിനുനേരെ രണ്ടുതവണ വെടിയുതിർത്തു. ഒരു വെടിയുണ്ട മർഹൂമിന്റെ ഹൃദയത്തിനടുത്ത് തറയ്ക്കുകയും ശരീരത്തിലൂടെ തുളച്ച് മറുഭാഗത്തെത്തുകയും ചെയ്തു. സംഭവസ്ഥലത്ത് വെച്ചുതന്നെ അദ്ദേഹം മരണപ്പെട്ടു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ സ്വഹാബിമാരായ ഹദ്റത്ത് മൗലവി ഖുദ്റത്തുല്ലാഹ് സാഹിബ് സന്നൗരിയുടെയും ഹദ്റത്ത് മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെയും പേരമക്കളുടെ പുത്രനായിരുന്നു.

അദ്ദേഹം ജമാഅത്തിലെ സജീവാംഗമായിരുന്നു. അഞ്ചു നേരത്തെ നമസ്കാരങ്ങളും തഹജ്ജുദ് നമസ്കാരവും അദ്ദേഹം മുടങ്ങാതെ നിർവഹിച്ചിരുന്നു. അദ്ദേഹം വളരെ ആവേശമുള്ള ദായീ ഇലല്ലാഹ് ആയിരുന്നു. തന്റെ ഹൽഖയിൽ ലോക്കൽ സെക്രട്ടറി തബ്ലീഗായി സേവനം ചെയ്യാൻ അവസരം ലഭിച്ചു. ഈ സമയത്ത് അദ്ദേഹം ഹൽഖയുടെ പ്രസിഡന്റായി സേവനം ചെയ്തുവരികയായിരുന്നു. ഭാര്യയെക്കൂടാതെ ഒരു മകനും മൂന്നുപെൺമക്കളുമാണ് അദ്ദേഹത്തിനുള്ളത്.

മിഷണറി ഇൻചാർജും അദ്ദേഹത്തിന്റെ സുഹൃത്തുമായ സക്രിയ്യ ഖാൻ സാഹിബ് എഴുതുന്നു: 'അദ്ദേഹം സൽസ്വഭാവിയും, ജനങ്ങൾക്ക് ഉപകാരപ്രദമായ വ്യക്തിത്വത്തിന് ഉടമയുമായിരുന്നു. തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നെന്ന് അദ്ദേഹത്തിന്റെ ഭാര്യ എന്നെ അറിയിച്ചു. അഞ്ചു നേരത്തെ നമസ്കാരം ഭംഗിയായി നിർവഹിച്ചിരുന്നു. ആവേശഭരിതനായ ദായീ ഇലല്ലാഹ് ആയിരുന്നു. തന്റെ തിരക്കിനിടയിലും രാവും പകലും ജമാഅത്തിന്റെ ജോലികളിൽ വ്യാപൃതനായിരുന്നു. സാമ്പത്തിക ത്യാഗങ്ങളിൽ അദ്ദേഹം മുന്നിട്ടുനിന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് അഗാധവും ആത്മാർഥവുമായ ബന്ധമുണ്ടായിരുന്നു.'

അദ്ദേഹത്തിന്റെ ഭാര്യ മർയം സാഹിബ എഴുതുന്നു: 'അദ്ദേഹം നല്ലൊരു ഭർത്താവായിരുന്നു. ജീവിതത്തിൽ ഞാൻ അദ്ദേഹത്തിൽനിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചു. അദ്ദേഹത്തിന് തബ്ലീഗ് ചെയ്യുന്നതിൽ വലിയ താൽപ്പര്യവും വിസ്മയകരമായ അഭിനിവേശവുമുണ്ടായിരുന്നു. അദ്ദേഹം എപ്പോഴും പുതിയ തബ്ലീഗ് പദ്ധതികൾ ആസൂത്രണം ചെയ്യുകയും അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു. ഖിലാഫത്തുമായുള്ള തന്റെ ബന്ധത്തെക്കുറിച്ചും അവരെഴുതിയിട്ടുണ്ട്. അയൽക്കാരോടും തദ്ദേശവാസികളോടും വളരെ നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. എല്ലാവരും അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം പ്രസന്നവദനനും വാത്സല്യമുള്ള ആളുമായിരുന്നു. വീട്ടിൽ എപ്പോഴും ജമാഅത്തായി നമസ്കാരം നിർവഹിക്കുകയും മക്കളെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു.'

അദ്ദേഹത്തിന്റെ മകൾ അസീസ ഉള്ള്മ പറയുന്നു: 'ചെറിയ കാര്യങ്ങൾ മുതൽ വലിയ ആവശ്യങ്ങൾ വരെ അദ്ദേഹം ശ്രദ്ധിക്കുകയും ഞങ്ങളെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും ചെയ്യുമായിരുന്നു. പകൽ മുഴുവൻ തന്റെ ജോലിയോ ജമാഅത്തിന്റെ ജോലികളോ ചെയ്ത് തിരക്കിലായിരുന്നാലും, രാത്രി ഉറങ്ങാൻ പോകുമ്പോൾ ഞങ്ങളുടെ മുറിയിൽവന്ന് അന്നത്തെ ദിവസം എങ്ങനെ പോയി, നമസ്കാരങ്ങളെ ല്ലാം നിർവഹിച്ചോ എന്നെല്ലാം അന്വേഷിക്കുമായിരുന്നു. അദ്ദേഹം സ്വന്തം കാര്യങ്ങളും ഞങ്ങളോടു പറയുമായിരുന്നു. അതുകൊണ്ട് ഞങ്ങൾക്ക് അദ്ദേഹവുമായി ഒരു സൗഹൃദപരമായ അന്തരീക്ഷമുണ്ടായിരുന്നു.'

അദ്ദേഹത്തിന്റെ മകൻ ഖാസിം പറയുന്നു: 'ഞങ്ങളെ സംബന്ധിച്ചിടത്തോളം പിതാവ് ഒരു റോൾ മോഡലായിരുന്നു. ഇൻശാ അല്ലാഹ്, ഞാൻ അദ്ദേഹത്തിന്റെ വഴി പിന്തുടരാൻ ശ്രമിക്കുന്നതാണ്. ഞങ്ങൾ എല്ലാ ആഴ്ചയും ഞായറാഴ്ച തബ്ലീഗിന് പോകാറുണ്ടായിരുന്നു. അവസരം ലഭിക്കുന്നിടത്തെല്ലാം ഞങ്ങൾ തബ്ലീഗ് സ്റ്റാളുകളിടുമായിരുന്നു. അദ്ദേഹം എന്നെ ഖുർആൻ മനഃപാഠമാക്കാനും പഠിപ്പിച്ചു.'

ഇവിടെയുള്ള അദ്ദേഹത്തിന്റെ സഹോദരപുത്രൻ ശജർ ഫാറൂഖി സാഹിബും ഇതേ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നു, 'വളരെ നിർമലമായ മനസ്സുള്ളയാളും, സൽസ്വഭാവിയും, ഉന്നതമായ ധാർമിക ഗുണങ്ങളുള്ള ദേഹവുമായിരുന്നു അദ്ദേഹം.' ഉംറ ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചപ്പോൾ, അവിടെയുള്ള ആളുകൾപോലും പറഞ്ഞു: 'അദ്ദേഹത്തിൽ ഞങ്ങൾ കണ്ട ആരാധനയിലുള്ള ശ്രദ്ധയും താൽപ്പര്യവും പ്രശംസനീയമാണ്.'

അദ്ദേഹം പെൺമക്കളുടെ ശിക്ഷണകാര്യത്തിൽ വളരെ ശ്രദ്ധ കാണിച്ചിരുന്നു. തന്റെ പതിനഞ്ച് വയസ്സുള്ള മകൾക്ക് ഫോൺ വാങ്ങിക്കൊടുക്കുന്നതിനെക്കുറിച്ച് അദ്ദേഹം എന്നോടു (ഹുദൂർ അൻവർ) ചോദിക്കുകയും, എന്റെ നിർദ്ദേശങ്ങൾ ലഭിച്ചപ്പോൾ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം എല്ലാ കാര്യങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുന്ന വ്യക്തിയായിരുന്നു.'

നിർബന്ധമായ ചന്ദകൾക്കു പുറമെ, മറ്റു സാമ്പത്തിക പദ്ധതികളിലും അദ്ദേഹം വളരെ ഉദാരമായ മനസ്സോടെ സജീവമായി പങ്കെടുത്തു. പാകിസ്താനിലെ പാവപ്പെട്ടവരെ സഹായിക്കാൻ അദ്ദേഹം വലിയ തുകകൾ അയച്ചു കൊടുക്കാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മാതാവ് പറയുന്നു: 'എന്റെ മകൻ ജമാഅത്തിന്റെ ഒരു ആത്മാർഥ ഭക്തനും, ഖിലാഫത്തിനോടു തീവ്രമായ സ്നേഹബന്ധം പുലർത്തുന്നവനുമായിരുന്നു. എല്ലാ കാര്യങ്ങളിലും സത്യത്തിന് പ്രാധാന്യം നൽകി. എല്ലാ ചെറുപ്പക്കാരോടും മുതിർന്നവരോടും സ്നേഹത്തോടെ പെരുമാറി. അവന് തബ്ലീഗിന് വലിയ താൽപ്പര്യമായിരുന്നു. എല്ലാ ഞായറാഴ്ചയും അവൻ തബ്ലീഗിന് പോകുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുകയും മറ്റുള്ളവരെ സഹായിക്കുകയും ചെയ്തിരുന്നു.

അവർ പറയുന്നു: 'അവന് ജമാഅത്തായ നമസ്കാരത്തോടു അത്രയേറെ താൽപ്പര്യമായിരുന്നു. ചിലപ്പോൾ അവൻ ജോലി സ്ഥലത്തുനിന്ന് എന്നെ ഫോൺ വിളിച്ച് പറയുമായിരുന്നു: 'നിങ്ങൾ നമസ്കരിച്ചില്ലെങ്കിൽ കാത്തിരിക്കുക, ഞാൻ വരുന്നുണ്ട്. നമുക്കൊരുമിച്ച് നമസ്കരിക്കാം.'

അല്ലാഹു അദ്ദേഹത്തോടു പാപമോചനത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മാതാവിനും ഭാര്യക്കും മക്കൾക്കും ക്ഷമ പ്രദാനം ചെയ്യുകയും, അവരെ അദ്ദേഹത്തിന്റെ നല്ല മാതൃകയിലും ആഗ്രഹങ്ങളിലുംചരിക്കുന്നവരാക്കുകയും ചെയ്യുമാറാകട്ടെ.*(അൽഫള്ൽ ഇന്റർനാഷണൽ 2025 ഒക്ടോബർ 17, പേജ് 2-6).*

പേജ് 1 ൽ നിന്ന്

കാഫ് എന്നതിന്റെ അർഥം സമാനമായത് എന്നാണ്. അശീർ ഇബ്റാനീ ഭാഷയിൽ ശാം ദേശത്തെ പറയുന്നു. അതുകൊണ്ടു കശ്മീറിന്റെ അർഥം "ശാം ദേശത്തെപോലെ"എന്നാണ്. പക്ഷേ, ധാരാളമായ പ്രയോഗംകൊണ്ട് ഇടയിലുള്ള 'അലിഫ്' വീണുപോയി. വെറും 'കശീർ' നിലനിന്നു. ഇതിനെ പിന്നീട് അന്യരായ ആളുകൾ പതുക്കെപ്പതുക്കെ കശ്മീർ എന്നാക്കി. എന്നാൽ, അത്ഭുതകരമായ കാര്യം കശ്മീരി ഭാഷയിൽ ഇപ്പോഴും കശ്മീറിനെ 'കശീർ' എന്നാണ് പറയുന്നതെന്നുള്ളതാണ്. ഇതുപോലെ എഴുതപ്പെടുകയും കശ്മീർ വാസികളെ കാശീർ എന്ന് പറയുകയും ചെയ്യുന്നു. പഞ്ചാബികൾ കശ്മീരി എന്നു പറയുന്നു. പിന്നെ കശ്മീർ എന്ന പദം മാത്രമല്ല ഇക്കാര്യത്തിന് തെളിവായിട്ടുള്ളത്. ഏതോ കാലത്ത് ഇബ്റാനീ ജനത ഈ സ്ഥലത്ത് തീർച്ചയായും വസിച്ചിരുന്നുവെന്നതിന്! എന്നല്ല ഇന്നേക്ക് 2000 വർഷം മുമ്പേ ഒരു ഇസ്റായേലി നബി കശ്മീരിൽ വന്നിരുന്നുവെന്ന് ചരിത്ര ഗ്രന്ഥങ്ങളിൽനിന്നും വ്യക്തമായും സ്ഥാപിതമാകുന്നുണ്ട്. അദ്ദേഹം ബനീഇസ്റായീലിൽപ്പെട്ട ആളായിരുന്നു. ശഹ്സാദ നബിയെന്നും അദ്ദേഹം പറയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഖബ്റാണ് ഖാദിയാൻ മുഹല്ലയിലുള്ളത്. അത് യൂസു ആസിഫിന്റെ ഖബ്ർ

എന്ന പേരിൽ പ്രസിദ്ധമാണ്. ഈ പദം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ തന്റെ ഗ്രന്ഥങ്ങളിലെഴുതിയിട്ടുണ്ട്. അതായത് യൂസുആ് ആസിഫ് വിഘടിച്ചതാണ്. ആസിഫ് എബ്രായഭാഷയിൽ തന്റെ ജനതയെ അന്വേഷിച്ചു നടക്കുന്ന ആൾക്കാണ് പറയുന്നത്. യൂസ് എന്ന പദം യസൂയിൽനിന്ന് വിഘടിച്ചതാണ്. അതായത് മസീഹിന്റെ ഈ നാമം വെക്കപ്പെടാൻ കാരണം ഇസ്റായേലിലെ കാണാതെ പോയ ഗോത്രങ്ങളെ തിരഞ്ഞും അവർക്ക് ദൈവത്തിന്റെ സന്ദേശമെത്തിക്കുന്നതിനും വന്നയാളാണ്;അവരെ ബുഖ്ത്തെ നസ്വർ അടിമകളാക്കിക്കൊണ്ടു വന്നതായിരുന്നു. അയാൾ ഇവരെ പൂർവദേശങ്ങളിൽ അതായത് അഫ്ഘാനിസ്താൻ കശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽ കൊണ്ടുവന്ന് പാർപ്പിച്ചിരുന്നു.

അല്ലാഹു അത്തരം അവസ്ഥകളുണ്ടാക്കി. അതായത് ഫലസ്തീനിൽ എതിർപ്പുണ്ടാകുകയും അദ്ദേഹത്തിന്നെതിരിൽ ഒരു പൊതുവായ ഒഴുക്കുണ്ടാകുകയും ചെയ്തു. എത്രത്തോളമെന്നാൽ ഭരണകൂടത്തിൽനിന്ന് അദ്ദേഹത്തിനുമേൽ രാജ്യദ്രോഹകുറ്റം ചുമത്തപ്പെട്ടു. അദ്ദേഹത്തെ തൂക്കിക്കൊല്ലാൻ വിധിച്ചു. എന്നാൽ, യൂനുസ്നബി എപ്രകാരം മരണത്തിന്റെ വായിൽനിന്ന് രക്ഷപ്പെട്ടിരുന്നുവോ അതേപോലെ ഹദ്റത്ത് മസീഹിനേയും അവൻ കുരിശു മരണത്തിൽനിന്ന് രക്ഷിച്ചു. അതിനുശേഷം അദ്ദേഹത്തിന് സ്വന്തം രാജ്യത്ത് താമസിക്കാൻ പറ്റുമായിരുന്നില്ല. കാരണം തൂക്കിക്കൊല്ലാനുള്ള വിധി കിട്ടിക്കഴിഞ്ഞ ഒരാൾ രക്ഷപ്പെട്ടാൽത്തന്നെയും വീണ്ടും കുരിശിൽ തറയ്ക്കപ്പെടുമായിരുന്നു. അതുകൊണ്ട് അദ്ദേഹം ആ നാട് ഉപേക്ഷിച്ചു. ഫലസ്തീൻ മുതൽ അഫ്ഘാനിസ്താനും കശ്മീരുംവരെയുള്ള വഴി വലിയ ഭയാനകമായിരുന്നിട്ടും അദ്ദേഹം ഹിജ്റത്ത് ചെയ്ത് വിശുദ്ധ ഖുർആൻ പറഞ്ഞ രാജ്യത്ത് വന്നു. അല്ലാഹു അദ്ദേഹത്തിന് കശ്മീർ ദാറുൽഹിജ്റത്താക്കി. അത് ദാത്തുഖരാറിൻവ്വമഈന്റെ സാക്ഷാത്കാരമാകുന്നു. അതായത് അദ്ദേഹം ബുദ്ധിമുട്ടൊന്നും കൂടാതെ സമാധാനത്തോടും ആഫിയത്തോടും കൂടി ഇവിടെ താമസിച്ചു. ഈ സ്ഥലമെങ്ങനെയുള്ളതാണെന്നാൽ ഇവിടെ ശുദ്ധജലം മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നല്ല ഈ പ്രദേശം ശൈത്യത്തിലും പച്ചളിപ്പിലും സസ്യശ്യാമളതയിലും ശാംദേശം പോലെയായിരുന്നു.

ഇവിടെ എത്തിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സകല ബുദ്ധിമുട്ടുകളും അകന്നു. 120 വയസ്സുവരെ അദ്ദേഹം സന്ദേശമെത്തിച്ചുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ഇവിടെ മരിക്കുകയും ചെയ്തു. ശ്രീ നഗറിലെ ഖാൻയാർ മഹല്ലയിൽ മറയടക്കപ്പെട്ടു. ഇന്നും അവിടെ അദ്ദേഹത്തിന്റെ ഖബ്ർ കാണാം. *(തഫ്സീറെ കബീർ വാള്യം 6, പേജ് 177, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

കുമെങ്കിലും ഭർത്താവിനൊപ്പം ജീവിതം മുഴുവനും ചെലവഴിച്ച അവന്റെ രഹസ്യസൂക്ഷിപ്പുകാരിയായ അവളുടെ കൂടി അധ്വാനവും ആ സ്വത്ത് സമ്പാദനത്തിൽ ഉണ്ടായിരുന്നിട്ടുംകൂടി ഭാര്യക്ക് ഭർത്താവിന്റെ സ്വത്തിൽനിന്നു ഒന്നും ലഭിക്കില്ലായിരുന്നു. ചില സമയങ്ങളിൽ അവൾ ഭർത്താവിന്റെ സ്വത്തിന്റെ മേൽനോട്ടക്കാരി ആക്കപ്പെടുമായിരുന്നുവെങ്കിലും അവൾക്ക് അതുപയോഗിക്കാനുള്ള അനുവാദമില്ലായിരുന്നു. അതിൽനിന്ന് വരുന്ന വരുമാനം എടുക്കാമെങ്കിലും സ്വത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ഉപയോഗത്തിൽ കൊണ്ടുവരാൻ കഴിയില്ലായിരുന്നു. ഇങ്ങനെ അവൾക്ക് തന്റെ ആഗ്രഹമനുസരിച്ച് പല സ്വദഖ ജാരിയയിൽ നിന്നും വിട്ടുനിൽക്കേണ്ടി വരുന്നു. ഭർത്താവ് അവളുടെമേൽ എത്രകണ്ട് അതിക്രമം പ്രവർത്തിച്ചാലും അവൾക്ക് ഭർത്താവിൽ നിന്ന് വേർപിരിയാനുള്ള അവകാശമില്ലായിരുന്നു. ചില സമൂഹങ്ങളിൽ വേർപിരിയാനുള്ള അവകാശമുണ്ടായിരുന്നെങ്കിലും അതിന് എത്ര കഠിനമായ നിബന്ധനകളാണുണ്ടായിരുന്നതെന്നാൽ വേർപിരിയുന്നതിന് പകരം സ്ത്രീകൾ മരണത്തിന് മുൻഗണന നൽകുമായിരുന്നു. ഉദാഹരണത്തിന് ഭർത്താവ് അല്ലെങ്കിൽ ഭാര്യയുടെ ദുർന്നടപ്പ് സ്ഥാപിക്കേണ്ടി വരുകയും പിന്നീട് അവളോടു ചെയ്യുന്ന അതിക്രമം സ്ഥാപിക്കേണ്ടി വരികയും ചെയ്യുക തുടങ്ങിയവയൊക്കെ! ഇതിനേക്കാൾ വലിയ അതിക്രമമെന്തെന്നാൽ പല അവസരങ്ങളിലും സ്ത്രീക്ക് ഭർത്താവിന്റെ കൂടെ കഴിയാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ അവളെ പൂർണമായും വേർപിരിയാൻ അനുവദിക്കാതെ അകന്നു കഴിയാൻ മാത്രമുള്ള അവകാശമെ നൽകുമായിരുന്നുള്ളൂ. ഇതാകട്ടെ മറ്റൊരു ശിക്ഷയാകുന്നു, എന്തെന്നാൽ ഈ അവസ്ഥയിൽ ഒരു ലക്ഷ്യവുമില്ലാതെ ജീവിതം കഴിച്ചുകൂട്ടാൻ അവൾ നിർബന്ധിതയാകുന്നു. ഭർത്താവിന് എപ്പോൾ വേണമെങ്കിലും ഭാര്യയെ ഒഴിവാക്കുമായിരുന്നു. എന്നാൽ, ഭാര്യക്ക് ഭർത്താവിൽനിന്ന് അകന്നു കഴിയാൻ ഏതവസ്ഥയിലും അനുവാദമില്ലായിരുന്നു. ഭർത്താവ് അവളെ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ നാടു വിടുകയോ അല്ലെങ്കിൽ അവളെ പരിഗണിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അവൾ അയാളെ ജീവിതാവസാനംവരെ കാത്തിരിക്കാൻ നിർബന്ധിതയായിരുന്നു, ഇങ്ങനെ അവൾക്ക് തന്റെ ജീവിതം നാടിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ വിനിയോഗിക്കാനുള്ള അവകാശവുമില്ലായിരുന്നു. വൈവാഹിക ജീവിതം അവൾക്ക് സന്തോഷത്തിനു പകരം ക്ലേശങ്ങൾ നൽകുന്ന ഒന്നായി മാറുന്നു. അവൾക്ക് ഭർത്താവിന്റെയും ഭാര്യയുടെയും ഉത്തരവാദിത്വങ്ങൾ ചെയ്യേണ്ടി വരുന്നതോടൊപ്പം ഭർത്താവിനെ കാത്തിരിക്കേണ്ടതായും വരുന്നു. ഭർത്താവിന്റെ ഉത്തരവാദിത്വം, അതായത് കുടുംബത്തിന് വേണ്ടി സമ്പാദിക്കുക എന്നതും ഭാര്യയുടെ കടമകൾ, അതായത് കുട്ടികളുടെ മേൽനോട്ടവും പരിപാലനവും അവളുടെ ചുമതലയായി മാറുന്നു. ഇതെല്ലാം ദുർബലയായ അവൾക്കുമേൽ അടിച്ചേല്പിക്കപ്പെടുന്നു. സ്ത്രീകൾ മർദിക്കപ്പെടുകയും അത് ഭർത്താവിന്റെ അവകാശവുമായി കരുതിയിരുന്നു. ഭർത്താവിന്റെ മരണം ശേഷം ഭർത്താവിന്റെ ബന്ധുക്കളുമായി നിർബന്ധപൂർവ്വം അവളുടെ വിവാഹം നടത്തുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്ക് പ്രതിഫലംപറ്റി അവളെ വിൽക്കുകയുമായിരുന്നു പതിവ്. എന്നുമാത്രമല്ല ഭർത്താവുതന്നെ തന്റെ ഭാര്യമാരെ വിൽക്കാറുണ്ടായിരുന്നു. പാണ്ഡവരെ പോലെയുള്ള പ്രൗഢഗാംഭീര്യമുള്ള രാജകുമാരന്മാർ പോലും തങ്ങളുടെ ഭാര്യയെ ചൂതാട്ടത്തിൽ പണയം വെച്ച് പരാജയപ്പെട്ടപ്പോൾ ദ്രൗപദിയെ പോലെ കുലീനയായ രാജകുമാരിക്കുപോലും രാജ്യത്തെ നിയമത്തിന്നെതിരിൽ ശബ്ദമുയർത്താൻ കഴിഞ്ഞില്ല. കുട്ടികളുടെ തർബിയ്യത്തിലും പരിപാലനത്തിലും മാതാക്കളോടു അഭിപ്രായം ആരായപ്പെടാറില്ലായിരുന്നു. അവർക്ക് കുട്ടികളുടെമേൽ എന്തെങ്കിലും അവകാശം ഉള്ളതായും കണക്കാക്കപ്പെട്ടിരുന്നില്ല. മാതാപിതാക്കൾ വേർപിരിയുന്ന അവസ്ഥ വന്നാൽ കുട്ടികൾ പിതാവിനുതന്നെ ലഭിക്കുമായിരുന്നു. ഭർത്താവിന്റെ ജീവിത സമയത്തും ഭർത്താവ് മരണപ്പെട്ടതിനു ശേഷവും സ്ത്രീക്ക് വീടുമായി എന്തെങ്കിലും ബന്ധമുള്ളതായി കണക്കാപ്പെട്ടിരുന്നില്ല. ഭർത്താവ് എപ്പോൾ വേണമെങ്കിലും അവളെ വീട്ടിൽനിന്ന് പുറത്താക്കാം. അവൾ വീടും ആശ്രയവുമില്ലാതെ അലഞ്ഞുതിരിയേണ്ടി വരുമായിരുന്നു.

നബിﷺതിരുമേനി മുഖേന മേൽപ്രതിപാദിച്ച അതിക്രമങ്ങൾക്കെല്ലാം അറുതിവന്നു. അല്ലാഹു പ്രത്യേകമായും തന്നോടു സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കല്പിച്ചിട്ടുണ്ടെന്നും സ്ത്രീയും പുരുഷനും മനുഷ്യൻ എന്ന നിലയിൽ സമന്മാരാണെന്നും അവർ ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ പുരുഷന്മാർക്ക് സ്ത്രീകളിൽനിന്ന് ചില അവകാശങ്ങൾ ലഭിക്കാനു


**• ഹദീഥുന്നബ്വിﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്. (ബുഖാരി 23:77)**

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്വിﷺ •**

**"ലാ യഹില്ലു ലുമുഅ്മിനി അൻയ്യഹ്ജുറ അഖാഉ ഫൗഖ ഥലാഥത്തി അയ്യാമിൻ."**

**ഒരു വിശ്വാസി തന്റെ സഹോദരനോടു മൂന്നുദിവസത്തിലധികം ബന്ധം വിച്ഛേദിക്കുന്നത് അനുവദനീയമല്ല**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്വിﷺ •**

**"സയ്യിദുൽഖൗമി ഖാദിമുഹും."**

**സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ള്ളതുപോലെ സ്ത്രീകൾക്കും പുരുഷന്മാരിൽനിന്ന് ചില അവകാശങ്ങൾ ലഭിക്കാനുണ്ടെന്നും താൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രഖ്യാപിക്കുന്നുവെന്ന് ആ മഹാത്മാവ് പറഞ്ഞു. പുരുഷന്മാർ സ്വത്തിന്റെ ഉടമകളാകുന്നതുപോലെ സ്ത്രീക്കും തന്റെ സ്വത്ത് ഉടമസ്ഥതയിൽ വെക്കാം. സ്ത്രീ സന്തോഷത്തോടെ തന്റെ സമ്പാദ്യത്തിൽനിന്ന് നൽകിയാലല്ലാതെ പുരുഷന് സ്ത്രീയുടെ സമ്പാദ്യത്തിൽനിന്ന് ചെലവഴിക്കാൻ ഒരു അവകാശവുമില്ല. അവളിൽനിന്ന് നിർബന്ധപൂർവ്വം പണം വാങ്ങുന്നതോ അല്ലെങ്കിൽ അവൾ ലജ്ജകൊണ്ട് വിസമ്മതം പ്രകടിപ്പിക്കാതിരിക്കുന്നതുകൊണ്ട് കൈവശംവെക്കുന്ന പണമോ പുരുഷന് അനുവദനീയമല്ല. ഭർത്താവ് അവൾക്ക് ഉപഹാരമായി നൽകുന്ന പണം അവളുടേതുതന്നെയാണ്. അത് തിരികെ വാങ്ങാൻ പുരുഷന് അനുവാദമില്ല. ആൺകുട്ടി തന്റെ മാതാപിതാക്കളുടെ സ്വത്തിന് അവകാശിയാകുന്നതുപോലെ പെൺകുട്ടിക്കും തന്റെ മാതാപിതാക്കളുടെ സ്വത്തിൽ അവകാശമുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വം പുരുഷനുമേൽ അർപ്പിക്കപ്പെട്ടതുകൊണ്ടും സ്ത്രീക്കുമേൽ അവളുടെ സ്വന്തം ഉത്തരവാദിത്വം മാത്രം അർപ്പിക്കപ്പെട്ടതുകൊണ്ടും അവൾക്ക് സ്വത്തിൽ പകുതി അവകാശമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പിതാവിന് തന്റെ മകന്റെ സ്വത്തിൽനിന്ന് ഒരു ഭാഗം ലഭിക്കുന്നതുപോലെ മാതാവിനും ലഭിക്കുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളും ഉത്തരവാദിത്വങ്ങളുമനുസരിച്ച് ചിലപ്പോൾ മാതാവിനും പിതാവിനും സമമായും ചിലപ്പോൾ പിതാവിനേക്കാൾ കുറവും സ്വത്ത് ലഭിക്കുന്നു. അവൾ തന്റെ ഭർത്താവിന്റെ വിയോഗത്തിനുശേഷം സന്താനങ്ങളുണ്ടെങ്കിലും ഇല്ലെങ്കിലും ഭർത്താവിന്റെ സ്വത്തിൽ ഒരു പങ്കിന് അവകാശിയാകുന്നു. എന്തെന്നാൽ, അവളെ പരാശ്രിതയായി ഉപേക്ഷിക്കാൻ സാധ്യമല്ല. അവളുടെ വിവാഹബന്ധം പരിശുദ്ധമായ ഒരു കരാർ ആകുന്നു. സ്ത്രീയും പുരുഷനും പരസ്പരമുള്ള അകൽച്ച കാരണം ആ കരാറിനെ ലംഘിക്കുന്നത് വെറുക്കപ്പെട്ട കാര്യമാണെങ്കിലും ഭാര്യ ഭർത്താക്കന്മാർക്കിടയിൽ അപകടകരമായ ഭിന്നിപ്പ് ഉടലെടുക്കുകയോ മതപരമായോ ശാരീരികമായോ സാമ്പത്തികമായോ സാംസ്കാരികമായോ പ്രകൃതത്തിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ ഈ കരാറിന് വേണ്ടി തങ്ങളുടെ ജീവിതം പാഴാക്കി അവരുടെ യഥാർഥ ജീവിതലക്ഷ്യത്തെ നഷ്ടപ്പെടുത്താൻ നിർബന്ധിക്കുന്നത് അഭികാമ്യമല്ല. ഇത്തരം ഭിന്നിപ്പുകൾ ഉടലെടുക്കുകയും പുരുഷനും സ്ത്രീയും ഒരുമിച്ച് ജീവിക്കാൻ കഴിയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുകയാണെങ്കിൽ പരസ്പര സമ്മതത്തോടെ അവർക്ക് ഈ കരാർ അവസാനിപ്പിക്കാം. പുരുഷൻ ഇങ്ങനെ പിരിയാമെന്ന് തീരുമാനമെടുക്കുകയും എന്നാൽ, സ്ത്രീ അപ്രകാരം തീരുമാനിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പുരുഷന്റെ ഭാഗത്തുനിന്ന് ഒരാളും സ്ത്രീയുടെ ഭാഗത്തുനിന്ന് ഒരാളും അടങ്ങുന്ന ഒരു കമ്മിറ്റി ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യേണ്ടതാണ്. പുരുഷനും സ്ത്രീയും ഒരുമിച്ചു കുറച്ചു കാലംകൂടി കഴിയണമെന്ന് കമ്മിറ്റി തീരുമാനിക്കുകയാണെങ്കിൽ ഈ തീരുമാന പ്രകാരം ഭാര്യയും ഭർത്താവും ഒരുമിച്ചു കഴിയേണ്ടതാണ്. ഇപ്രകാരവും അവർ തമ്മിൽ ഐക്യം ഉടലെടുക്കുന്നില്ലെങ്കിൽ ഭർത്താവിന് ഭാര്യയെ വേർപെടുത്താവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അവൻ അവൾക്ക് നൽകിയ പണം ഒന്നുംതന്നെ തിരികെ വാങ്ങാവുന്നതല്ലെന്ന് മാത്രമല്ല മഹർതുകയും അവൾക്ക് പൂർണമായും നൽകേണ്ടതാണ്. ഇനി ഭാര്യ ഭർത്താവിൽനിന്ന് പിരിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൾക്ക് ഖാളിയോട് ഇക്കാര്യം അപേക്ഷിക്കാം. അവളുടെ ഈ തീരുമാനത്തിന് പിന്നിൽ അധാർമികമായി ഒന്നുമില്ലെന്ന് ഖാളിക്ക് ബോധ്യപ്പെടുകയാണെങ്കിൽ ബന്ധം അവസാനിപ്പിക്കാൻ ഖാളിക്ക് ഉത്തരവു നൽകാം. ഇപ്രകാരം ചെയ്യുമ്പോൾ അവളുടെ പക്കൽ സൂക്ഷിക്കപ്പെട്ട ഭർത്താവിന്റെ സമ്പത്തും മഹറും അവൾ തിരിച്ചു ഭർത്താവിന് നൽകേണ്ടതാണ്. ഭർത്താവ് ഭാര്യയുടെ നിശ്ചിത അവകാശങ്ങൾ നൽകാതിരിക്കുകയാണെങ്കിൽ, അല്ലെങ്കിൽ അവളോട് സംസാരിക്കുന്നതും മറ്റും ഉപേക്ഷിച്ചിരുന്നെങ്കിൽ, അല്ലെങ്കിൽ അവളെ കിടപ്പറയിൽനിന്ന് മാറ്റി കിടത്തിയിരുന്നെങ്കിൽ അതിന് കാലാവധി നിശ്ചയിക്കേണ്ടതാണ്. നാലു മാസത്തിൽ കൂടുതൽ ഭർത്താവ് മേല്പറഞ്ഞ പ്രകാരം പെരുമാറിയിട്ടുണ്ടെങ്കിൽ രഞ്ജിപ്പിന് വേണ്ടിയോ അല്ലെങ്കിൽ ത്വലാഖിന് വേണ്ടിയോ ഭർത്താവിനെ നിർബന്ധിതനാക്കേണ്ടതാണ്. ഭർത്താവ് അവൾക്ക് ചെലവിന് കൊടുക്കാതിരിക്കുകയോ അല്ലെങ്കിൽ നാടു വിടുകയോ അവളെ കുറിച്ച് അന്വേഷിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ആ നിക്കാഹ് അസാധുവായി പ്രഖ്യാപിക്കുകയും (മൂന്ന് വർഷം വരെ വിവരമൊന്നും ലഭിച്ചില്ലെങ്കിൽ ഇപ്രകാരം ചെയ്യാമെന്ന് ഇസ്‌ലാമിലെ കർമശാസ്ത്ര പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്) മറ്റൊരു നിക്കാഹ് ചെയ്യാൻ അവളെ സ്വാതന്ത്ര്യയാക്കുകയും ചെയ്യേണ്ടതാണ്. എപ്പോഴും തന്റെ ഭാര്യക്കും കുട്ടികൾക്കും ചെലവിന് കൊടുക്കാൻ ഭർത്താവിനെ ചുമതലപ്പെടുത്തുക. ഭർത്താവിന് തന്റെ ഭാര്യയെ മാന്യമായ രീതിയിൽ ശാസിക്കാനുള്ള അധികാരമുണ്ട്. ശാസന ശിക്ഷയുടെ രൂപത്തിൽ മാറുകയാണെങ്കിൽ ജനങ്ങളെ സാക്ഷികളാക്കേണ്ടത് നിർബന്ധമാണ്. തെറ്റ് വെളിപ്പെടുത്തുകയും സാക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ അത് തെളിയിക്കുകയും ശിക്ഷ നൽകുമ്പോൾ അത് നീണ്ട കാലം അവളെ ബാധിക്കാത്തതുമായിരിക്കേണ്ടതാണ്. ഭർത്താവ് തന്റെ ഭാര്യയുടെ ഉടമസ്ഥനല്ല. അവളെ വിൽക്കാനോ അവളോടു ഭൃത്യരെ പോലെ പെരുമാറാനോ പാടുള്ളതല്ല. അവന്റെ ഭാര്യ അവന്റെ ഭക്ഷണപാനീയങ്ങളിൽ അവന്റെ പങ്കാളിയാണ്. തന്റെ കഴിവിന്നനുസരിച്ച് അവളെ പരിപാലിക്കേണ്ടതുണ്ട്. തന്റെ കഴിവിനെക്കാൾ കുറഞ്ഞ രീതിയിൽ അവളുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുന്നത് അനുവദനീയമല്ല. ഭർത്താവിന്റെ മരണശേഷം ഭർത്താവിന്റെ ബന്ധുക്കൾക്കും അവളുടെമേൽ ഒരു അധികാരവുമില്ല. അവൾ സ്വാതന്ത്ര്യയാണ്. നല്ല ബന്ധം നോക്കി അവൾക്ക് വിവാഹം കഴിക്കാവുന്നതാണ്. അതിൽനിന്ന് അവളെ തടയാൻ ആർക്കും അധികാരമില്ല. ആർക്കുംതന്നെ അവൾ ഇന്ന സ്ഥലത്തുതന്നെ കഴിയണമെന്ന് നിർബന്ധിക്കാനും അധികാരമില്ല. അവളുടെ ഭർത്താവിന്റെ മറ്റു ബന്ധുക്കളുടെ അവകാശങ്ങൾ സ്വാധീനിക്കപ്പെടാനുള്ള എല്ലാ സാഹചര്യങ്ങളെക്കുറിച്ചും പരിചിതയാകാൻ വേണ്ടി വെറും നാലുമാസവും പത്തുദിവസവും മാത്രം അവൾ ഭർത്താവിന്റെ വീട്ടിൽ തന്നെ കഴിയേണ്ടതുണ്ട്. ഭർത്താവിന്റെ മരണശേഷം അവൾക്ക് ലഭിച്ച ഓഹരിയിൽനിന്ന് അവൾ സ്വയം താമസ സൗകര്യം ഏർപ്പാടുചെയ്യാൻ അവളെ ഭർത്താവിന്റെ വീട്ടിൽനിന്ന് ഒരു വർഷംവരെ പുറത്താക്കാൻ അനുവാദമില്ല. ഭർത്താവിന് വെറുപ്പുണ്ടെങ്കിൽത്തന്നെയും ഭർത്താവ് മറ്റൊരു സ്ഥലത്തേക്ക് മാറേണ്ടതാണ്. ഭാര്യയെ വീട്ടിൽനിന്നു പുറത്താക്കാൻ അനുവാദമില്ല. എന്തെന്നാൽ, വീട് ഭാര്യയുടെ അധീനതയിലുള്ളതായാണ് ഗണിക്കപ്പെടുന്നത്. അവളുമായി കൂടിയാലോചിക്കേണ്ടതാണ്. കുട്ടികളുടെ കാര്യത്തിൽ അവളെ പ്രയാസപ്പെടുത്താനും പാടുള്ളതല്ല. കുട്ടിക്ക് പാൽ കൊടുക്കുന്നതും കുട്ടിയുടെ പരിപാലനം എന്നീ കാര്യങ്ങളിൽ അവളോട് അഭിപ്രായം ആരായേണ്ടതാണ്. ഭാര്യയും ഭർത്താവും തമ്മിൽ യോജിക്കാതിരിക്കുകയും വേർപിരിയൽ അനിവാര്യമാവുകയും ചെയ്യുകയാണെങ്കിൽ ചെറിയ കുട്ടി മാതാവിന്റെ അടുക്കൽത്തന്നെ കഴിയേണ്ടതാണ്. കുട്ടി വലുതാകുമ്പോൾ വിദ്യാഭ്യാസത്തിനും മറ്റുമായി പിതാവിനെ ഏൽപിക്കാം. കുട്ടികൾ മാതാവിന്റെ അടുക്കൽ താമസിക്കുന്നതുവരെ കുട്ടികളുടെ ചെലവ് പിതാവുതന്നെ വഹിക്കേണ്ടതാണ്. മാതാവിന് കുട്ടികൾക്കുവേണ്ടി എന്തെങ്കിലും ചെലവിടേണ്ടി വരുകയോ അല്ലെങ്കിൽ ജോലി നോക്കേണ്ടി വരുകയോ ആണെങ്കിൽ മാതാവിനും സാമ്പത്തിക സഹായം ഭർത്താവുതന്നെ നൽകേണ്ടതാണ്. സ്ത്രീ സ്വതന്ത്രയാണ്. അവൾ എല്ലാ വിധത്തിലുള്ള ദീനീ അനുഗ്രഹങ്ങളും സ്വായത്ത

## • ഹദീഥുന്നബവ്വി ﷺ •

**“ഇന്നമൽഅഅ്മാലു ബിന്നിയ്യാത്തി.”**

**കർമങ്ങൾ ഉദ്ദേശ്യത്തിലധിഷ്ഠിതമാകുന്നു.**

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

## • ഹദീഥുന്നബവ്വി ﷺ •

**“ലാ യശ്ക്കുറല്ലാഹ് മൻല്ലാ യശ്ക്കുറുന്നാസ.”**

**ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല.**



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

മാക്കാൻ പ്രാപ്തയാണ്. അവൾ മരണത്തിനുശേഷവും ഉയർന്ന അനുഗ്രഹങ്ങൾക്ക് ഉടമയാകാൻ പ്രാപ്തയാണ്. അതുപോലെ ഈ ലോകത്തും ഭരണകൂടത്തിൽ വിവിധ തലങ്ങളിൽ ഉയർന്ന പദവികളിൽ പങ്കാളിയാകാനും പ്രാപ്തയാണ്. അത്തരം സന്ദർഭങ്ങളിലും പുരുഷന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതുപോലെ അവളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടും.

ഈ അധ്യാപനങ്ങളുടെ നേർവിപരീതമായ ചിന്താധാരകൾ ലോകത്ത് പ്രചാരത്തിലുണ്ടായിരുന്ന കാലത്താണ് നബി ﷺതിരുമേനി മേൽപറഞ്ഞ അധ്യാപനങ്ങൾ നൽകിയത്. ഈ കൽപ്പനകളിലൂടെ ആ മഹാത്മാവ് എല്ലാ രാജ്യത്തും എല്ലാ മതങ്ങളും ആയിരക്കണക്കിന് വർഷമായി സ്ത്രീയുടെ പിടലിയിൽ കയറ്റിവെച്ച അടിമത്തമെന്ന നുകത്തിൽനിന്ന് സ്ത്രീക്ക് മോചനം നൽകി. കാലങ്ങളായി നിലനിന്നിരുന്ന ചങ്ങലകളെ ആ മഹാത്മാവ് പൊടുന്നനെ പൊട്ടിച്ചെറിഞ്ഞ് ലോകത്തിലെ സ്ത്രീകളെ സ്വതന്ത്രയാക്കി. മാതാക്കളെ സ്വതന്ത്രയാക്കിയതിലൂടെ കുട്ടികളെയും അടിമത്ത മനോഭാവത്തിൽനിന്ന് മുക്തരാക്കുകയും ഉയർന്ന ചിന്താഗതിയും ഉയർന്ന ആത്മാഭിമാന ചിന്തകളും ഉടലെടുക്കാൻ സാഹചര്യമൊരുക്കുകയും ചെയ്തു.

എന്നാൽ, ലോകം ഈ സേവനത്തിന് വിലകൽപിച്ചില്ല. അദ്ദേഹം ഉപകാരമെന്ന നിലയിൽ ചെയ്ത ഈ പ്രവർത്തിയെ അതിക്രമമായി ചിത്രീകരിച്ചു. ത്വലാഖും ഖുലയും വിള്ളൽ സൃഷ്ടിക്കുന്നുവെന്നും അനന്തരാവാകാശ നിയമങ്ങൾ കുടുംബങ്ങൾ തകരുന്നതിനുള്ള വഴിയാണെന്നും സ്ത്രീകൾക്കുള്ള സ്ഥായിയായ അവകാശങ്ങൾ ദാമ്പത്യ ജീവിതം തകർക്കുന്നതാണെന്നും അവർ പറഞ്ഞു. ലോകം ഇപ്രകാരം ഈ അധ്യാപനങ്ങളെ എതിർത്തുകൊണ്ടേ ഇരുന്നു. പതിമൂന്ന് നൂറ്റാണ്ടുകളോളം തങ്ങളുടെ അന്ധതയാൽ ഈ പ്രകാശത്തിന്റെ അധ്യാപനങ്ങളെ അടിസ്ഥാന പ്രകൃതത്തിനെതിരാണെന്ന് പറഞ്ഞ് പരിഹസിച്ചുകൊണ്ടിരുന്നു. ഏതുവരെയെന്നാൽ, ദൈവത്തിന്റെ അധ്യാപനങ്ങളുടെ നന്മകൾ വെളിപ്പെട്ടു. അങ്ങനെ സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും വക്താക്കൾ നബിﷺ തിരുമേനിയുടെ സംസ്കാരത്തിൽ അധിഷ്ഠിതമായ കൽപനകളെ പിന്തുടരാൻ തുടങ്ങി. അവരിൽ ഓരോ ഭരണകൂടവും ഒന്നൊന്നായി തങ്ങളുടെ നിയമങ്ങളിൽ മാറ്റം വരുത്തുകയും നബിﷺതിരുമേനി പഠിപ്പിച്ച തത്ത്വങ്ങളെ പിന്തുടരുകയും ചെയ്തു തുടങ്ങി.

ദുർന്നടപ്പിനൊപ്പം മർദനവുമുണ്ടായാൽ മാത്രമേ വിവാഹമോചനം സാധൂകരിക്കപ്പെടുകയുള്ളു എന്നായിരുന്നു ഇംഗ്ലീഷ് സർക്കാരിന്റെ നിയമം. എന്നാൽ, 1923-ൽ ദുർന്നടപ്പ് മാത്രമായാലും അത് വിവാഹമോചനത്തിന് മതിയായ കാരണമാണെന്ന് തങ്ങളുടെ നിയമത്തിൽ ഭേദഗതി വരുത്തുകയുണ്ടായി.

ന്യൂസിലാൻഡിൽ 1912-ൽ ഏഴു വർഷത്തോളം ചിത്തഭ്രമം ബാധിച്ച ഒരു വ്യക്തിയുടെ ഭാര്യക്ക് വിവാഹം റദ്ദ് ചെയ്യാവുന്നതാണെന്ന് തീരുമാനിക്കപ്പെട്ടു. അതുപോലെ 1925-ൽ ഭാര്യയോ ഭർത്താവോ പരസ്പരം കടമകൾ നിർവഹിക്കുന്നില്ലെങ്കിൽ ത്വലാക്ക് അല്ലെങ്കിൽ ഖുലാ വാങ്ങാവുന്നതാണ്. മൂന്ന് വർഷത്തോളം ഒരു വ്യക്തിയെ കുറിച്ച് വിവരമൊന്നും ലഭിച്ചില്ലെങ്കിൽ വിവാഹമോചനവും അനുവദനീയമാണ്. (ഈ നിയമത്തിൽ ഇവർ തീർത്തും ഇസ്ലാമിക കർമശാസ്ത്ര പണ്ഡിതന്മാരുടെ അഭിപ്രായത്തെ കടമെടുത്തിരിക്കുന്നു, എന്നാൽ, ആയിരത്തിമുന്നൂറു വർഷം ഇസ്ലാമിന്നെതിരെ വാദിച്ചതിന് ശേഷമാണെന്ന് മാത്രം!)

ഓസ്ട്രേലിയായിലെ ക്വീൻസ്ലാൻഡ് സംസ്ഥാനത്ത് അഞ്ചു വർഷത്തെ ചിത്തഭ്രമം വിവാഹമോചനത്തിന് കാരണമായി അംഗീകരിക്കപ്പെട്ടു. ടാസ്മാനിയയിൽ ദുർന്നടപ്പ്, നാലു വർഷംവരെ ഒരു വ്യക്തിയെ കുറിച്ച് വിവരമൊന്നും ലഭ്യമാകാതിരിക്കുക, ദ്രോഹം, മൂന്നു വർഷംവരെ പരിഗണിക്കാതിരിക്കുക, തടവ്, മർദനം, ചിത്തഭ്രമം എന്നിവ വിവാഹമോചനത്തിന് കാരണമായി അംഗീകരിക്കാവുന്നതാണെന്ന് 1919-ൽ നിയമം പാസ്സാക്കപ്പെട്ടു. വിക്ടോറിയ പ്രവിശ്യയിൽ ഭർത്താവ് മൂന്ന് വർഷത്തോളം പരിഗണിക്കാതിരിക്കുകയോ, ദുർന്നടത്തക്കാരനാകുകയോ, ചെലവ് നൽകാതിരിക്കുകയോ കാർക്കശ്യത്തോടെ പെരുമാറുകയോ, തടവിലാവുകയോ, മർദ്ദിക്കുകയോ ചെയ്താലും, ഭാര്യ ദുർന്നടപ്പുകാരിയാണെന്ന് തെളിയിക്കപ്പെടുകയോ ചിത്തഭ്രമം ബാധിക്കുകയോ കാർക്കശ്യത്തോടെ പെരുമാറുകയോ, അസ്വാരസ്യങ്ങളുണ്ടാക്കുകയും ചെയ്യുകയാണെങ്കിൽ വിവാഹമോചനം നേടാവുന്നതാണെന്ന് 1923-ൽ നിയമം പാസാക്കപ്പെട്ടു.

പടിഞ്ഞാറൻ ഓസ്ട്രേലിയയിൽ മേൽപറഞ്ഞ നിയമങ്ങളോടൊപ്പം ഗർഭിണിയായ സ്ത്രീയുടെ വിവാഹവും നിയമവിരുദ്ധമാക്കിയിട്ടുണ്ട്. (ഇസ്ലാമും ഇതിനെ നിയമവിരുദ്ധമാക്കിയിരിക്കുന്നു). ക്യൂബയിൽ ദുർന്നടപ്പിനുവേണ്ടി നിർബന്ധിക്കുക, മർദനം, അസഭ്യം പറയുക, ശിക്ഷിക്കപ്പെടുക, ദ്രോഹിക്കുക, ചൂതാട്ടശീലം, കടമകൾ നിർവഹിക്കാതിരിക്കുക, ചെലവിനു നൽകാതിരിക്കുക, പല തരത്തിലുള്ള അസുഖങ്ങൾ, ഉഭയകക്ഷി സമ്മതം എന്നിവ ത്വലാഖിനും ഖുലക്കും മതിയായ കാരണമാണെന്ന് അംഗീകരിക്കപ്പെട്ടുകൊണ്ടുള്ള നിയമം 1918-ൽ പാസ്സാക്കപ്പെട്ടു.

ഇറ്റലിയിൽ 1919-ൽ സ്ത്രീ തന്റെ സമ്പാദ്യത്തിന്റെ ഉടമസ്ഥയാണെന്നും അതിൽനിന്നു അവൾക്ക് ദാനധർമങ്ങൾ ചെയ്യാമെന്നും അത് അവൾക്ക് വിൽക്കാമെന്നും നിയമം പാസ്സാക്കപ്പെട്ടു. (അതുവരെ യൂറോപ്പിൽ സ്ത്രീയെ അവളുടെ സ്വത്തിന്റെ ഉടമസ്ഥയായി ഗണിക്കപ്പെട്ടിരുന്നില്ല.)


അമേരിക്കയിലെ മെക്സിക്കോയിൽ മേൽപറഞ്ഞ കാരണങ്ങളും ഉഭയകക്ഷി സമ്മതവും ത്വലാഖിനും ഖുലക്കും മതിയായ കാരണമാണെന്ന് അംഗീകരിക്കപ്പെട്ടു. ഈ നിയമം 1917- ലാണ് പാസ്സായത്.

ത്വലാഖിനും ഖുലക്കും അനുവാദം നൽകിക്കൊണ്ട് പോർച്ചുഗലിൽ 1915-ലും, നോർവേയിൽ 1909-ലും, സ്വീഡനിൽ 1920-ലും, സ്വിറ്റ്സർലാൻഡിൽ 1912-ലും നിയമങ്ങൾ പാസ്സാക്കപ്പെട്ടു. പതിനെട്ടു വയസ്സുവരെ കുട്ടിയുടെ ചെലവ് പിതാവ് വഹിക്കണമെന്ന് സ്വീഡനിൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ കുട്ടികളുടെമേൽ പിതാവിനാണ് അവകാശം എന്നതാണ് നിയമമെങ്കിലും ഇപ്പോൾ ഇസ്ലാമികരീതി അനുസരിച്ച് പരിഷ്കാരം ആരംഭിച്ചിട്ടുണ്ട്. ന്യായാധിപർ ഇപ്പോൾ സ്ത്രീയുടെ വികാരങ്ങളും പരിഗണിക്കുകയും പുരുഷനെ ചെലവിനു നൽകാൻ നിർബന്ധിതനാക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും ഇപ്പോഴും ഈ നിയമത്തിൽ പല കുറവുകളുമുണ്ട്. പുരുഷന്റെ അവകാശങ്ങളെ വളരെ കർക്കശമായി സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും സ്ത്രീക്ക് പുരുഷന്റെ സമ്പാദ്യം ഉപയോഗിക്കാനുള്ള അനുമതിയും നൽകിവരുന്നുണ്ട്. എന്നാൽ, ഭർത്താവിന് അംഗഭംഗം സംഭവിച്ചാൽ അയാളുടെ ചെലവിന്റെ ചുമതലയും ഭാര്യയുടെ നിർബന്ധ ഉത്തരവാദിത്വമായിരിക്കും എന്ന നിയമവും പാസാക്കപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾക്ക് വോട്ടിനുള്ള അവകാശവും നൽകപ്പെടുന്നുണ്ട്. സാമൂഹികമായ കാര്യങ്ങളിൽ അവളിൽനിന്ന് അഭിപ്രായം തേടാനുള്ള വഴികളും തുറക്കപ്പെടുന്നുണ്ട്. എന്നാൽ, ഇതെല്ലാം നബിﷺതിരുമേനിയുടെ മാർഗനിർദേശങ്ങൾക്ക് 1300 വർഷം പിന്നിട്ട ശേഷമാണ് നടക്കുന്നത്. ഇനിയും ചിലത് നടപ്പിൽ വരാനുണ്ട്. പല രാജ്യങ്ങളിലും സ്ത്രീയെ പിതാവിന്റെയും മാതാവിന്റെയും ഭർത്താവിന്റെയും അനന്തരാവകാശിയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ഇതുപോലെ പല അവകാശങ്ങളിലും ഇപ്പോഴും ഇസ്ലാം ലോകത്തിന് വഴികാട്ടികൊണ്ടിരിക്കുകയാണ്. എങ്കിലും ഇതെല്ലാം ഇസ്ലാമിന്റെ സംഭാവനയാണെന്ന് ലോകം ഇനിയും അംഗീകരിച്ചിട്ടില്ല. എന്നാൽ, മറ്റു ചില കാര്യങ്ങളിൽ ലോകം നബിﷺതിരുമേനിയെ വഴികാട്ടിയായി അംഗീകരിച്ചതുപോലെ ഈ കാര്യങ്ങളിലും അംഗീകരിക്കുന്ന കാലം വിദൂരമല്ല. സ്ത്രീകളുടെ മോചനത്തിനുവേണ്ടി നബിﷺ തിരുമേനിയുടെ ജിഹാദ് പൂർണ സ്വാധീനത്തോടെ അതിന്റെ ഫലങ്ങൾ വെളിപ്പെടുത്തുന്നതായിരിക്കും.

• ഹദീസുന്നബവി ﷺ •
"ലയ്സൽ ഖബ്റു കൽമുആയനത്തി."
കേട്ടറിവ് കറിവുപോലെയല്ല.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •
"ത്വലബൽ ഹലാലി ജിഹാദുൻ."
അനുവദനീയമായ ഉപജീവനം നേടുന്നതും ജിഹാദാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 06 November 2025 Issue-45

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# നബിﷺതിരുമേനി
# ലോകത്തിന് സ്വാതന്ത്ര്യം നല്കിയ നബി

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്
ഖലീഫത്തുൽമസീഹ് ഥാനീؓ

അൽഫള്ലിന്റെ പ്രത്യേക പതിപ്പിന് ലേഖനമെഴുതണമെന്ന് എന്നോട് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. നബിﷺതിരുമേനിയുടെ ഉയർന്ന സ്ഥാനവും മഹത്ത്വവും പ്രതിപാദിക്കുന്നതിന് പ്രസിദ്ധീകരിക്കാൻ പോകുന്ന ഈ പതിപ്പിൽ ലേഖനമെഴുതുക എന്നത് പ്രതിഫലം ലഭിക്കുന്ന ഒരു നന്മയായി ഞാൻ കണക്കാക്കുന്നു. ഈ ദിനങ്ങളിൽ വളരെ തിരക്കിലായിരുന്നിട്ടും അസുഖബാധിതനായിരുന്നിട്ടും ഒരു ലേഖനമെഴുതേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു.

നബിﷺതിരുമേനിയുടെ ജീവിതത്തിലെ ഓരോ വശവുമെത്രത്തോളം മഹത്തരമാണെന്നാൽ, ഏതു വശത്തെക്കുറിച്ചാണ് എഴുതേണ്ടത്, ഏതാണ് ഒഴിവാക്കേണ്ടതെന്ന് നമ്മൾ ആശയക്കുഴപ്പത്തിലാകുകയും ഒരു തിരഞ്ഞെടുപ്പ് പ്രയാസമേറിയതാവുകയും ചെയ്യുന്നു. ഞാൻ ഇക്കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് നബിﷺതിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും മികച്ച വശം, അതായത് അദ്ദേഹം എങ്ങനെയാണ് ഈ ലോകത്തെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത്, ലോകത്തിന്റെ തീരാപ്രശ്നമായിരുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന് എന്താണ് ചെയ്തത്, സ്ത്രീകളെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത് തുടങ്ങിയ കാര്യത്തിൽ നബിﷺതിരുമേനി എന്താണ് ചെയ്തിരുന്നതെന്ന് പ്രതിപാദിക്കാം. നബിﷺതിരുമേനിയുടെ ആഗമനത്തിനു മുമ്പേ സ്ത്രീകൾ എല്ലാ സ്ഥലങ്ങളിലും അടിമകൾ അല്ലെങ്കിൽ മറ്റുള്ളവരുടെ ഉടമസ്ഥതയിലുള്ള വസ്തു എന്ന നിലയിലാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇവരുടെ അടിമത്വം പുരുഷന്മാരിലും സ്വാധീനം ചെലുത്തിയിരുന്നു, കാരണമെന്തെന്നാൽ, അടിമസ്ത്രീകളുടെ പുത്രന്മാർ പൂർണമായും സ്വാതന്ത്ര്യം കരസ്ഥമാക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു.

ചില സ്ത്രീകൾ തങ്ങളുടെ സൗന്ദര്യത്താലും ജീവിത വിശുദ്ധിയാലും ചില പുരുഷന്മാരുടെമേൽ ആധിപത്യം സ്ഥാപിച്ചു വന്നിരുന്നുവെന്നത് വസ്തുതയാണെങ്കിലും ഇത് യഥാർഥ സ്വാതന്ത്ര്യമായിരുന്നില്ല. എന്തെന്നാൽ, അതവർക്ക് അവകാശമെന്ന നിലയിൽ ലഭിച്ചതായിരുന്നില്ല, പ്രത്യുത അത് ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമായിരുന്നു. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളൊരിക്കലും ശരിയായ വികാരങ്ങൾ ഉണർത്തുന്നതിന് പര്യാപ്തമല്ല.

ഇന്നേക്ക് പതിമൂന്നര നൂറ്റാണ്ടു മുമ്പേയാണ് നബിﷺതിരുമേനിയുടെ ആഗമനമുണ്ടായത്. ആ സമയംവരെ ഒരു മതത്തിലും ഒരു സമൂഹത്തിലും സ്ത്രീക്ക് അവകാശമെന്ന നിലയിൽ സ്വാതന്ത്ര്യം ലഭ്യമായിരുന്നില്ല. ഒരു തരത്തിലുമുള്ള നിയമസംവിധാനവുമില്ലാത്ത പ്രദേശങ്ങളിൽ അവൾ എല്ലാ തരത്തിലുമുള്ള ബന്ധനങ്ങളിൽനിന്നും മോചിതയായിരുന്നു എന്നതിൽ സംശയമൊന്നും ഇല്ല. എന്നാൽ, അതിനെയും സ്വാതന്ത്ര്യം എന്ന് വിളിക്കാൻ കഴിയില്ല. അതിനെ കുത്തഴിഞ്ഞ ജീവിതമെന്നേ പറയാൻ കഴിയൂ. നാഗരികതയുടെയും സംസ്കാരത്തിന്റെയും വിധിവിലക്കുകൾ പാലിച്ചുകൊണ്ട് ലഭ്യമാകുന്ന സ്വാതന്ത്ര്യമാണ് യഥാർഥ സ്വാതന്ത്ര്യം. ഈ വിധിവിലക്കുകൾ മറികടക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥയെ സ്വാതന്ത്ര്യമെന്ന് വിളിക്കാൻ കഴിയില്ല. എന്തെന്നാൽ അത് ആത്മധൈര്യം വളർത്താൻ ഉതകുന്നതല്ല. പ്രത്യുത ആത്മധൈര്യം ഇല്ലാതാക്കുന്നതിന് നിമിത്തമായി ഭവിക്കുന്നു.

നബിﷺതിരുമേനിയുടെ കാലഘട്ടത്തിലും അതിനുമുമ്പേയും സ്ത്രീയുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ അവളുടെ സ്വത്തിനുമേൽ അവൾക്ക് ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. മറിച്ച് അവളുടെ ഭർത്താവിനെയാണ് അതിന്റെ ഉടമസ്ഥനായി കണക്കാക്കിയിരുന്നത്. എന്നുമാത്രമല്ല ചില പ്രദേശങ്ങളിൽ അവൾ ജീവിച്ചിരിക്കുമ്പോൾ ഭർത്താവിന്റെ സ്വത്തിന്റെ മേൽനോട്ടക്കാരിയായി ഗണിക്കപ്പെട്ടിരുന്നെങ്കിലും അവളുടെ ഭർത്താവിന്റെ സമ്പാദ്യത്തിലും അവൾക്ക് അവകാശമുണ്ടായിരുന്നില്ല. അവളുടെ വിവാഹം ഏതെങ്കിലും പുരുഷനുമായി നടക്കുകയാണെങ്കിൽ താൻ ഏതവസ്ഥയിലും അയാളിൽനിന്ന് വേർപിരിയില്ലെന്ന് എന്നെന്നേക്കുമായി ഉറപ്പു നൽകുകയായിരുന്നു ചെയ്തിരുന്നത്. അവളുടെ ഭർത്താവിന് അവളെ ഒഴിവാക്കാനുള്ള അവകാശമുണ്ടായിരുന്നുവെങ്കിലും എത്രകണ്ട് പ്രയാസമനുഭവിച്ചാലും തന്റെ ഭർത്താവിൽനിന്ന് വേർപിരിയാനുള്ള ഒരുവിധ അവകാശവും അവൾക്കില്ലായിരുന്നു. ഭർത്താവ് അവളെ ഒഴിവാക്കുകയോ അവളോടു നല്ല രീതിയിൽ പെരുമാറാതിരിക്കുകയോ നാടുവിട്ട് പോവുകയോ ചെയ്യുകയാണെങ്കിൽ അവളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒരു നിയമവുമുണ്ടായിരുന്നില്ല. അവൾ സ്വയം അധ്വാനിച്ചും ജോലി ചെയ്തും തന്നെയും തന്റെ കുട്ടികളെയും സംരക്ഷിക്കേണ്ടത് അവളുടെ തന്നെ കടമയായി കണക്കാക്കപ്പെട്ടിരുന്നു. വെറുപ്പ് പ്രകടിപ്പിച്ച് അവളെ മർദിക്കുകയെന്നത് ഭർത്താവിന്റെ അവകാശമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ, അവൾക്ക് അതിന്നെതിരിൽ ശബ്ദമുയർത്താൻ കഴിയില്ലായിരുന്നു. ചില പ്രദേശങ്ങളിൽ ഭർത്താവ് മരിക്കുകയാണെങ്കിൽ അവൾ ഭർത്താവിന്റെ ബന്ധുക്കളുടെ അവകാശമായി ഗണിക്കപ്പെട്ടിരുന്നു. അവർ അവളെ അവളോടു ചെയ്യുന്ന നന്മ എന്ന നിലയിലോ പ്രതിഫലം പറ്റിയോ അവർക്കിഷ്ടമുള്ളിടത്ത് വിവാഹം ചെയ്തു കൊടുക്കുമായിരുന്നു.

ചിലയിടത്ത് അവൾ ഭർത്താവിന്റെ വിട്ടുപോയ സ്വത്തായി ഗണിക്കപ്പെട്ടിരുന്നു. ചില ഭർത്താക്കന്മാർ സ്വന്തംഭാര്യയെ വിൽക്കുകയും അല്ലെങ്കിൽ ചൂതാട്ടത്തിലോ പന്തയത്തിലോ പണയം വെക്കുകയും ചെയ്യുമായിരുന്നു. ഭർത്താവ് പന്തയം തോറ്റുകഴിഞ്ഞാൽ അവൾക്കുമേൽ മറ്റൊരാളുടെ പൂർണാധികാരം സ്ഥാപിക്കപ്പെടുമായിരുന്നു. സ്ത്രീ ഭർത്താവിനോടൊപ്പമാണെങ്കിലും ഭർത്താവുമായി വേർപിരിഞ്ഞ അവസ്ഥയിലാണെങ്കിലും അവൾക്ക് കുട്ടികളുടെമേൽ ഒരുവിധ അവകാശവുമുണ്ടായിരുന്നില്ല. സ്ത്രീക്ക് കുടുംബകാര്യങ്ങളിലും ഒരു അധികാരവുമുണ്ടായിരുന്നില്ല. ആത്മീയമായും അവൾക്ക് ഉയർന്ന പദവികൾ ലഭിക്കില്ലെന്നും അനശ്വരമായ അനുഗ്രഹങ്ങളിൽ അവൾക്ക് ഒരു പങ്കുമില്ലെന്നും കണക്കാക്കപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി ഭർത്താവ് സ്ത്രീയുടെ സ്വത്ത് ചെലവാക്കുകയും അവളെ പാപ്പരാക്കി ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു. ഭത്താവിന്റെ അനുവാദമി ല്ലാതെ സ്ത്രീക്ക് തന്റെ സ്വത്തിൽനിന്ന് ദാനധർമങ്ങൾ ചെയ്യാനോ ബന്ധുക്കളെ സഹായിക്കാനോ അനുമതിയില്ലായിരുന്നു. അവളുടെ സ്വത്ത് കൈവശപ്പെടുത്തി വെച്ചിട്ടുള്ള ഭർത്താവിന് ഇതൊരിക്കലും സമ്മതമായിരുന്നില്ലതാനും. ഏതുപോലെ ആൺകുട്ടികൾ മാതാപിതാക്കളുടെ സ്നേഹത്തിന്റെ അവകാശികളാണോ അതുപോലെ പെൺകുട്ടികളും അവകാശികളാണെങ്കിലും ഏറ്റവും അടുത്ത ബന്ധമുള്ള മാതാപിതാക്കളുടെ സ്വത്തിൽനിന്ന് അവൾക്കൊന്നും ലഭിക്കില്ലായിരുന്നു. പെൺകുട്ടികളുടെ ദുരവസ്ഥ കണ്ട് മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽത്തന്നെ പെൺകുട്ടികൾക്ക് എന്തെങ്കിലും നൽകിയാൽ പിന്നെ അവരുടെ കുടുംബത്തിൽ വലിയ കുഴപ്പം സംഭവിക്കുമായിരുന്നു. കാരണം മാതാപിതാക്കൾ മരിച്ചതിനുശേഷം അവർ തങ്ങളുടെ എല്ലാ സ്വത്തുക്കൾക്കും അവകാശികളാണെന്ന് ആൺകുട്ടികൾ ചിന്തിക്കുന്നുണ്ടായിരുന്നില്ല. എങ്കിലും തങ്ങളുടെ മാതാപിതാക്കൾ പെൺകുട്ടികളെ അപേക്ഷിച്ച് തങ്ങൾക്ക് അധികം തരുന്നുണ്ടെന്ന് അവർ അറിയുന്നുണ്ട്. അതുപോലെ അവൾ പൂർണമായും വഴിപ്പെട്ട ഭർത്താവിന്റെ സ്വത്തിൽനിന്ന് അവൾക്കൊന്നും ലഭിക്കില്ലായിരുന്നു. ഭർത്താവിന്റെ വളരെ അകന്ന ബന്ധുക്കൾപോലും സ്വത്തിൽ അവകാശികളാ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin